# ക്രിസ്ത്യൻ വേൾഡ്

Christian world

ക്രൈസ്തവ മാധ്യമം

2018 സെപ്റ്റംബർ 1 | വാല്യം 13 | ലക്കം 9 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2018-2020 | പേജ് 8

# പ്രളയമൊഴിഞ്ഞു; ഇനി സാന്ത്വനം

**പ്രളയക്കെടുതികളിൽപ്പെട്ടവരുടെ കണ്ണീരൊപ്പുകയും ഒരുകൈ സഹായത്തിന് നമുക്കു ഒരുമിക്കയും ചെയ്യാം.**

തോമസ് തോന്നയ്ക്കൽ

ഒടുവിൽ കേരളം പ്രളയക്കടലിൽ നിന്നും കരകയറുന്നു. അരനൂറ്റാണ്ടുകൾക്കിടെ ഉണ്ടായ പ്രളയം നാടിനെ ദുരന്തഭൂമിയാക്കി മാറ്റിയെങ്കിലും 'തളരില്ല കേരളം, അതിജീവിക്കും ഈ ദുരന്തത്തെ' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് കേരളം കൈകോർക്കുന്നു.

പ്രളയക്കെടുതിയിൽ ഇതിനകം ജീവൻ നഷ്ടമായത് അഞ്ഞൂറിലധികം പേർക്ക്. സഹായത്തിന്റെയും സഹകരണത്തിന്റെയും നിലയ്ക്കാത്ത പ്രവാഹം തുടരുന്നുണ്ടെങ്കിലും ക്യാംപുകളുടെ പരിമിതിയിൽ ദുരിതപ്പെയ്ത്ത് തുടരുന്നു. ജീവിതത്തിലെ സമ്പാദ്യങ്ങളെല്ലാം മലവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയവരുടെ തോരാക്കണ്ണീരിനു മുന്നിൽ നാട് വിറങ്ങലിച്ചു നിൽക്കുന്നു.

കാലവർഷം കലിതുള്ളിവരാനും പ്രളയക്കെടുതിയായി മാറാനും ഇത്തവണ കാരണമായത് മാഡൻ ജൂലിയൻ ഓസിലേഷൻ എന്ന പ്രതിഭാസമെന്നു വിദഗ്ധരുടെ അഭിപ്രായം. കടൽവെള്ളത്തിന്റെ ചൂടുകൂടുന്നതും സഹ്യപർവതം അതിനെ തടയുന്നതുമാണ് അമിതമഴയ്ക്കു കാരണം. ന്യൂനമർദം കൂടുന്നതിനു കാരണം കടലിലെ താപനില വർധിക്കുന്നതുകൊണ്ടാണ്. കടലിലെ താപനില നിയന്ത്രിക്കാൻ പ്രകൃതിതന്നെ സ്വയം കണ്ടെത്തുന്ന പ്രതിഭാസമാണ് ന്യൂനമർദവും തുടർന്നുണ്ടാകുന്ന മഴയും. പശ്ചിമഘട്ടസാന്നിധ്യം കൂടുതൽ മഴപെയ്യിക്കുന്നു. പ്രകൃതിദുരന്തമേതിലും തുണ സർവശക്തനായ ദൈവം മാത്രം. കർത്താവ് അറിയാതെ ഒന്നും സംഭവിക്കുന്നില്ല. "ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു." കഷ്ടങ്ങളിൽ പതറിപ്പോകാതെ, ദുഃഖത്തിലും വേദനയിലും നഷ്ടങ്ങളിലുമിരിക്കുന്നവരുടെ കണ്ണീരൊപ്പുകയും ഒരുകൈ സഹായത്തിന് ഒരുമിക്കയും ചെയ്യാം.




പ്രളയനന്തരം: വെള്ളം ഇറങ്ങിയപ്പോൾ മലയാറ്റൂർ പാലത്തിൽ കുമിഞ്ഞുകൂടിയ മാലിന്യങ്ങൾ.

## പെന്തെക്കോസ്തു സഭാംഗമായ സ്കോട്ട് മോറിസൺ ആസ്ട്രേലിയായുടെ പ്രധാനമന്ത്രി



ആസ്ട്രേലിയ: ലിബറൽ പാർട്ടി നേതാവും പെന്തെക്കോസ്തു വിശ്വാസിയുമായ സ്കോട്ട് മോറിസൺ ഇനി ആസ്ട്രേലിയൻ പ്രധാനമന്ത്രി. ആസ്ട്രേലിയയുടെ ചരിത്രത്തിൽ ഒരു പെന്തെക്കോസ്തുകാരൻ പ്രധാനമന്ത്രിയാകുന്നത് ആദ്യമായാണ്. ജൂലി ബിഷപ്പ്, പീറ്റർ ഡ്യൂട്ടൺ എന്നിവരെ പരാജയപ്പെടുത്തിയാണ് സ്കോട്ട് ഈ സ്ഥാനത്തെത്തിയത്.

ഹൊറൈസൺ സഭാംഗമായ ഇദ്ദേഹം ആദ്യപ്രസംഗത്തിൽ ക്രിസ്തുവിലൂടെയുള്ള തന്റെ രക്ഷാനിർണ്ണയത്തെക്കുറിച്ച് പ്രഖ്യാപിച്ചിരുന്നു. ഏജി സഭാപാസ്റ്ററായിരുന്ന പ്രശസ്തനായ നോം ആംസ്ട്രോങ്ങാണ് ഹൊറൈസൺ സഭയുടെ സ്ഥാപകൻ.


## സുവിശേഷക സിസ്റ്റർ അഞ്ജലി പോളും മകനും പ്രത്യാശയോടെ വിട



ബെംഗളൂരു: പന്തളം അപ്പോസ്തലിക് അസംബ്ലി സഭാ സീനിയർ പാസ്റ്റർ ജിജോ ഏബ്രഹാമിന്റെ ഭാര്യയും സുവിശേഷ പ്രസംഗകയുമായ സിസ്റ്റർ അഞ്ജലി പോൾ (37), ഏക മകൻ തുമ്പമൺ സെന്റ് ജോൺസ് സ്കൂൾ അഞ്ചാം ക്ലാസ് വിദ്യാർഥി ആഷേർ (10) എന്നിവരെ ആയിരക്കണക്കിനു വിശ്വാസികളുടെ സാന്നിധ്യത്തിൽ പ്രത്യാശയോടെ യാത്രയാക്കി. ആഗസ്റ്റ് 9ന് പുലർച്ചെ 5ന് തമിഴ്നാട്ടിലെ ഈറോഡ് നാമകല്ലിൽ ശങ്കഗിരി ഗേറ്റിനു സമീപം ഉണ്ടായ ബസ് അപകടത്തിലായിരുന്നു മരണം. ബാംഗ്ലൂരിൽ പാസ്റ്റർ എം.എ.വർഗീസ് നേതൃത്വം നൽകുന്ന ബഥേൽ എജി സഭയിൽ സഹോദരിമാരുടെ ആത്മീയ സമ്മേളനത്തിൽ പ്രസംഗിച്ച് കുടുംബത്തോടൊപ്പം നാട്ടിലേക്കുള്ള ബസ് യാത്രയിലാണ് അപകടത്തിൽപ്പെട്ടത്. ഇവർ സഞ്ചരിച്ചിരുന്ന കേരളാ ലൈൻസ് വോൾവോ ബസ് കാറ്റാടിക്കഴ കയറ്റിയ ലോറിയുടെ പിന്നിൽ ഇടിച്ച് ബസിന്റെ മുൻഭാഗം പൂർണമായി തകർന്നു. ബസിന്റെ മുൻനിരയിലെ സീറ്റിൽ യാത്ര ചെയ്യുകയായിരുന്ന അഞ്ജലിയും മകനും തൽക്ഷണം മരണമടഞ്ഞു. പാസ്റ്റർ ജിജോ രണ്ടുനിര സീറ്റ് പിന്നിലായിരുന്നതിനാൽ പരുക്കുകളോടെ രക്ഷപ്പെട്ടു. ആഗസ്റ്റ് 14ന് പന്തളം മാർത്തോമ പാരിഷ് ഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു.

## പാസ്റ്റർ എൻ. സ്റ്റീഫൻ നിത്യതയിൽ

**സംസ്കാരം മൂന്നിനു ചെന്നൈയിൽ നടത്തി**



ലണ്ടൻ: ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ രാജ്യാന്തര അധ്യക്ഷൻ ചീഫ് പാസ്റ്റർ എൻ. സ്റ്റീഫൻ (76) നിത്യതയിൽ പ്രവേശിച്ചു. ലണ്ടനിലെ ബ്രിക്സ്റ്റൺ ഫെയ്ത്ത് ഹോമിൽ 23നു രാവിലെ 7-നായിരുന്നു അന്ത്യം. ആഗസ്റ്റ് 31നു വൈകിട്ട് ചെന്നൈയിൽ എത്തിച്ച മൃതദേഹം ഞായറാഴ്ച രാവിലെ മുതൽ ഇരമ്പല്ലൂരിലെ സഭാആസ്ഥാനത്ത് പൊതുദർശനത്തിനു വെച്ചതിനു ശേഷം സഭാസെമിത്തേരിയിൽ സെപ്റ്റംബർ 3നു സംസ്ക്കരിച്ചു.

കൺവൻഷൻ പ്രസംഗകനായി വിദേശപര്യടനത്തിന് പോയ അദ്ദേഹം യുകെയിൽ വെച്ച് രോഗബാധിതനാകുകയായിരുന്നു. ലണ്ടനിലെ സഭയുടെ

(ശേഷം പേജ് 7)

## ജലപ്രളയം

ഉല്പത്തി പുസ്തകം 7: 6ൽ നോഹയുടെ കാലത്ത് ജലപ്രളയം ഉണ്ടായതിനെക്കുറിച്ച് വിവരിച്ചിരിക്കുന്നു. മനുഷ്യന്റെ ദുഷ്ടത ദൈവത്തിനു സഹിക്കാതായപ്പോൾ എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. എന്നാൽ ആ തലമുറയിൽ നോഹയ്ക്കു ദൈവത്തിന്റെ കൃപ ലഭിച്ചതിനാൽ താനും കുടുംബവും ജലപ്രളയത്തിൽ നിന്നും രക്ഷപ്രാപിച്ചു. അതിനുശേഷം 9:13ൽ ഇനി ഭൂമി ജലപ്രളയത്താൽ നശിപ്പിക്കയില്ല എന്നു പറഞ്ഞ് ദൈവം മനുഷ്യനുമായി ചെയ്ത ഒരു ഉടമ്പടിയിലൂടെ 'എന്റെ വില്ല് ഞാൻ മേഘത്തിൽ വെയ്ക്കുന്നു' എന്നു വായിക്കുന്നു.

കേരളത്തിലുണ്ടായ ജലപ്രളയത്തിൽ ദേശത്തിന്റെ പല ഭാഗങ്ങളും മുങ്ങിയപ്പോൾ ജനം അയ്യം വിളിക്കുന്നത് നാം കണ്ടു. ദൈവം ഭൂമിയെ മുഴുനായി ജലപ്രളയത്താൽ നശിപ്പിക്കയില്ല. ഇനി തീയാലാണ് ഭൂമിയെ നശിപ്പിക്കാൻ പോകുന്നത്. എന്നാൽ, മനുഷ്യൻ അഹങ്കാരികളാകുമ്പോൾ ദൈവത്തിന്റെ ന്യായവിധി ഇന്നും ഇറങ്ങുന്നു എന്നു ഇത്തരം സംഭവങ്ങളിലൂടെ നാം മനസ്സിലാക്കണം.

യേശുക്രിസ്തുവിന്റെ വരവ് അടുക്കുമ്പോൾ, അന്ത്യകാലത്ത് പ്രളയം, വരൾച്ച, പകർച്ചവ്യാധികൾ, ക്ഷാമം, ഭൂകമ്പം, യുദ്ധങ്ങൾ എന്നിവ ഏറെ വർധിക്കുന്ന ഒരു കാലമായിരിക്കുമെന്ന് ലൂക്കൊസ് 21:11ൽ കാണുന്നു. നാം ഇതുവരെ കാണാത്ത കാര്യങ്ങൾ കാണുമ്പോൾ, കേൾക്കുമ്പോൾ ഒരു കാര്യം നാം മനസിലാക്കണം, ദൈവവചനത്തിലെ പ്രവചനസത്യങ്ങൾ നിറവേറിക്കൊണ്ടിരിക്കുന്നു.

ഈ തലമുറയിൽ കാണാത്ത ഒരു ജലപ്രളയത്തിനു കേരളീയരായ നാം സാക്ഷ്യം വഹിച്ചിരിക്കയാണ്. മനുഷ്യൻ എത്ര നിസാരനാണെന്നു നാം മനസ്സിലാക്കിയിരിക്കുന്നു. അലമാര തുറന്നിട്ട് ഇതിൽ ഏത് ഇന്നു ഉടുക്കണം എന്നു സംശയത്തോടെ നിന്നിരുന്നവർ എന്തെങ്കിലും ഒന്നു കിട്ടിയിരുന്നെങ്കിൽ മാറി ഉടുക്കാമായിരുന്നു എന്നു വിലപിച്ച നാളുകൾ, വിദേശരാജ്യങ്ങളിലിരുന്ന് തങ്ങളുടെ ഉറ്റവരെ രക്ഷിക്കണേ എന്നു കരഞ്ഞ് വിലപിച്ചവർ, ഒരു ബ്രഡിനുവേണ്ടി ക്യൂ നിൽക്കുന്നവർ എന്നുവേണ്ട എത്രയെത്ര കാഴ്ചകൾ നാം കണ്ടു. ഇതിനിടയിലും എല്ലാം മറന്ന് രക്ഷാപ്രവർത്തനങ്ങൾക്ക് ഇറങ്ങിത്തിരിച്ച മത്സ്യത്തൊഴിലാളികളെ നാം എത്ര അഭിനന്ദിച്ചാലും മതിയാകില്ല. സ്വന്തം ജീവൻപോലും അവഗണിച്ച് നാടിന്റെ രക്ഷയ്ക്കെത്തിയവരെ നാം വിസ്മരിച്ചുകൂടാ.

നമ്മുടെ സഭാസംഘടനകൾ ഈ ദുരന്തത്തിൽ എത്രമാത്രം സഹായകമായി പ്രവർത്തിച്ചു എന്നത് ചിന്തനീയമാണ്. നമ്മുടെ യുവജനങ്ങൾ പലരും ആത്മാർഥമായി ഈ ദുരന്തമുഖത്ത് നിന്ന് പ്രവർത്തിക്കുന്നത് പലയിടത്തും കാണാമായിരുന്നു. അവരെയും അഭിനന്ദിക്കാതെ വയ്യ. പ്രസംഗം മാത്രം പോരാ, പ്രവർത്തിയും വേണമെന്ന് അവർ കാണിച്ചുതന്നു. ഇത്തരം സന്ദർഭങ്ങളിൽ വേണ്ടതുപോലെ പ്രവർത്തിക്കാൻ പരിശീലനം ലഭിക്കാത്തതാണ് നമ്മുടെ സമൂഹത്തിനുള്ള പോരായ്മ.

ജാതി-മത-വർഗ-സംഘടനാ ഭേദമെന്യേ എല്ലാവരും ഒരു പ്രളയംമൂലം ഒന്നിച്ചു. കേരളീയ ജനതയുടെ ഐക്യത ലോകത്തെ നാം കാണിച്ചുകൊടുത്തു. എപ്പോഴും ഇത് തുടരുവാൻ ഇടയായെങ്കിൽ!

വിശ്വാസികളായ നമ്മുടെ ദൗത്യം നാം മറന്നുപോകാതെ ഈ അവസരം ഉപയോഗിക്കുക. നമ്മുടെ കാന്തൻ വരാറായി. നാം ഒരുങ്ങുന്നതോടൊപ്പം നമ്മുടെ നാടിനെയും അതിനായി നമുക്ക് ഒരുക്കാം.

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.

# സ്വപ്നങ്ങളും ദർശനങ്ങളും



റവ. ഡോ. ഇട്ടി ഏബ്രഹാം

നെബൂഖദ്നേസറിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടിൽ നെബൂഖദ്നേസർ ഒരു സ്വപ്നം കണ്ടു. അവന്റെ മനസ്സ് വ്യാകുലപ്പെട്ടു. അവന് ഉറക്കമില്ലാതായി (ദാദി 2:1).

1. ദാനിയേൽ 2: നെബൂഖദ്നേസർ കണ്ട ലോഹനിർമ്മിതമായ ബിംബം.
2. ദാനിയേൽ 7: പത്തു കൊമ്പുകളുള്ള മൃഗത്തെക്കുറിച്ചുള്ള ദർശനം.
3. ദാനിയേൽ 8: ചെറിയ കൊമ്പുള്ള മൃഗവും പത്ത് കൊമ്പുള്ള മൃഗവും. വലിയ കാര്യങ്ങൾ പ്രസ്താവിക്കുന്ന ഒടുവിലത്തെ ഒരു നേതാവാണിത്.

**ഈ സ്വപ്നങ്ങളെ പരിശോധിക്കാം.**

1. തങ്കം കൊണ്ടുള്ള തല.
2. നെഞ്ചും കയ്യും വെള്ളി കൊണ്ടുള്ള രണ്ട് കൈകളും.
3. താമ്രം കൊണ്ടുള്ള തുട.
4. കാലുകൾ ഇരുമ്പുകൊണ്ട്.
5. പാദങ്ങൾ ഇരുമ്പും കളിമണ്ണും കൊണ്ടുള്ള മിശ്രിതം.
6. പത്ത് കാൽവിരലുകൾ ഇരുമ്പും കളിമണ്ണും കൊണ്ട് നിർമ്മിച്ചത്.

പുരാതന പേർഷ്യാക്കാർക്കിടയിൽ സ്വർഗ്ഗത്തെക്കുറിച്ച് വ്യത്യസ്തമായ ഒരു വിശ്വാസമുണ്ടായിരുന്നു.

- ഒന്നാമത്തെ തലം നിർമ്മിക്കപ്പെട്ടത് ഈയം കൊണ്ട്
- രണ്ടാമത്തെ തലം നിർമ്മിക്കപ്പെട്ടത് വെള്ളീയം കൊണ്ട്
- മൂന്നാമത്തെ തലം നിർമ്മിക്കപ്പെട്ടത് ചെമ്പ് കൊണ്ട്
- നാലാമത്തെ തലം നിർമ്മിക്കപ്പെട്ടത് ഇരുമ്പ് കൊണ്ട്
- അഞ്ചാമത്തെ തലം നിർമ്മിക്കപ്പെട്ടത് മിശ്രിതം കൊണ്ട്
- ആറാമത്തെ തലം നിർമ്മിക്കപ്പെട്ടത് വെള്ളി കൊണ്ട്
- ഏഴാമത്തെ തലം നിർമ്മിക്കപ്പെട്ടത് സ്വർണ്ണം കൊണ്ട്

പേർഷ്യൻ വിശ്വാസമനുസരിച്ച് ബിംബത്തിന്റെ ഒന്നാംതലം ഏറ്റവും ചെറിയ ലോഹത്തിൽ നിന്നു തുടങ്ങുന്നു. വിലയേറിയ ലോഹം ഏറ്റവും ഒടുവിലും കാണപ്പെടുന്നു. എന്നാൽ നെബൂഖദ്നേസറിന്റെ സ്വപ്നത്തിലാകട്ടെ ബിംബത്തിൽ ഏറ്റവും വിലയേറിയ ലോഹം ഏറ്റവും മുകളിലും താഴെ അവസാനിക്കുന്നത് ഏറ്റവും വില കുറഞ്ഞ ലോഹത്തിലുമാണ്.

സ്വപ്നങ്ങളിലൂടെയും ദർശനത്തിലൂടെയും ദൈവം തന്റെ ജനത്തോട് സംസാരിക്കുന്നതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്വപ്നങ്ങൾ ഉറങ്ങുമ്പോൾ കാണുന്നതും ദർശനങ്ങൾ ഉണർന്നിരിക്കുമ്പോൾ കാണുന്നതുമാണ്. ദാനിയേലും കൂട്ടുകാരും ബാബിലോൺ സർവ്വകലാശാലയിൽ ഭാഷയെയും സംസ്കാരത്തെയും സംബന്ധിച്ച് മൂന്നു വർഷത്തെ പഠനം നടത്തിയവരാണ്.

1. മിസ്രയിമ്യ സാമ്രാജ്യം: പുറപ്പാടിന്റെ പുസ്തകത്തിൽ മിസ്രയിമ്യ ചക്രവർത്തിയായ ഫറവോനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.
2. അസീറിയൻ സാമ്രാജ്യം: ഒന്നും രണ്ടും രാജാക്കന്മാരുടെയും ഒന്നും രണ്ടും ദിനവൃത്താന്ത പുസ്തകങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു.
3. ബാബിലോണിയൻ സാമ്രാജ്യം: ദാനിയേൽ, എസ്രാ, നെഹെമ്യാ എന്നീ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.
4. മേദ്യ-പേർഷ്യ സാമ്രാജ്യം : ദാനിയേലിന്റെ പുസ്തകത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.
5. യവനായ സാമ്രാജ്യം: ദാനിയേലിന്റെ പുസ്തകത്തിൽ പ്രതീകാത്മകമായി പറഞ്ഞിരിക്കുന്നു.

> **റോമാസാമ്രാജ്യം വീണുവെങ്കിലും ഒരു ആത്മീയ റോമാസാമ്രാജ്യം ഉയർന്നുവരികയും പോപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തീയ സഭകൾ പ്രത്യേകിച്ചും കത്തോലിക്ക സഭ ആധിപത്യമുറപ്പിച്ചുകൊണ്ട് പാശ്ചാത്യ റോമൻസഭ ശക്തി പ്രാപിച്ചു.**

എ.ഡി. 95 ൽ യോഹന്നാൻ വെളിപ്പാട് പുസ്തകം എഴുതുമ്പോൾ ഈ ചക്രവർത്തിമാരെല്ലാംതന്നെ കാലയവനികയിൽ മറയപ്പെട്ട് ചരിത്രത്തിന്റെ ഭാഗമായി മാറിയവരായിരുന്നു. അപ്പോൾത്തന്നെ യോഹന്നാന്റെ കാലത്തുണ്ടായിരുന്ന റോമൻ ചക്രവർത്തിയെ പരാമർശിക്കുന്നുണ്ട്. അക്കാലത്ത് റോമിലുള്ള ക്രിസ്ത്യാനികൾക്കെതിരേ ശക്തമായ മതപീഡയാരംഭിക്കുകയും ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയും ആയിരക്കണക്കിനു ക്രിസ്ത്യാനികൾ കാറ്റകോമ്പ് എന്ന പേരിലറിയപ്പെട്ട ഭൂമിക്കടിയിലെ ഗുഹകളിൽ ഒളിച്ചുപാർക്കുകയും ചെയ്തിരുന്നു. എന്നാൽ, റോമാക്കാർ ധാർമ്മികമായും രാഷ്ട്രീയമായും ആത്മീകമായും വഷളാക്കപ്പെടുകയും ശക്തിക്ഷയിക്കപ്പെടുകയും ചെയ്തു. അവസാനം ജർമ്മാനിക് ഗോത്രങ്ങളാൽ റോമൻ സാമ്രാജ്യം ആക്രമിക്കപ്പെട്ട് തകരുകയായിരുന്നു.

മൂന്നാം നൂറ്റാണ്ടുകാലത്തെ പീഡന കാലത്തിനുശേഷം കോൺസ്റ്റന്റൈൻ ചക്രവർത്തി എ.ഡി. 312 ൽ റോമിന്റെ ഭരണമേറ്റെടുത്തു. കോൺസ്റ്റന്റൈൻ ചക്രവർത്തിയായതോടെ ക്രിസ്ത്യനിത്വം ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെട്ടു. ഒടുവിൽ റോമാസാമ്രാജ്യം രണ്ടായി വിഭജിക്കപ്പെടുകയും പടിഞ്ഞാറൻ റോം എന്നും ടർക്കിയിലെ കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമാക്കി കിഴക്കൻ റോം എന്നും അറിയപ്പെട്ടു. റോമാസാമ്രാജ്യം വീണുവെങ്കിലും ഒരു ആത്മീയ റോമാസാമ്രാജ്യം ഉയർന്നുവരികയും പോപ്പിന്റെ നേതൃത്വത്തിൽ ക്രിസ്തീയ സഭകൾ പ്രത്യേകിച്ചും കത്തോലിക്ക സഭ ആധിപത്യമുറപ്പിച്ചുകൊണ്ട് പാശ്ചാത്യ റോമൻസഭ ശക്തി പ്രാപിച്ചു. എ.ഡി. 962 ൽ മഹാനായ ഒട്ടോ (Otto) ചക്രവർത്തിയായി കിരീടധാരണം ചെയ്തു. ആദ്യത്തെ പരിശുദ്ധ റോമൻ ചക്രവർത്തിയായി ഓട്ടോ പരിഗണിക്കപ്പെടുന്നു. 1806-ൽ നെപ്പോളിയനുമായുണ്ടായ യുദ്ധത്തിൽ റോമൻ ചക്രവർത്തി പരാജയപ്പെട്ടു. സാമ്രാജ്യം തകർന്നു.

ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കികൾ അർമേനിയ ആക്രമിച്ച് ഒന്നര ദശലക്ഷം അർമേനിയക്കാരെ കൊന്നൊടുക്കി. അതിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിരുന്നു.

1917-ലെ ഒട്ടോമൻ തുർക്കി ചക്രവർത്തിയുടെ ശക്തിക്ഷയിച്ചു. 1917-ൽ ബ്രിട്ടീഷ് കമാൻണ്ടർ ജനറൽ അല്ലൻബി പാലസ്തീൻ പിടിച്ചടക്കി. ഒടുവിൽ അമേരിക്കയും ബ്രിട്ടണും ഫ്രാൻസും രാഷ്ട്രീയമായും സാമ്പത്തികമായും ശക്തി പ്രാപിച്ചു. മധ്യപൂർവ്വ പ്രദേശങ്ങളിലും വടക്കൻ ആഫ്രിക്കയിലും തങ്ങളുടെ മേൽക്കോയ്മ സ്ഥാപിക്കുകയും ചെയ്തു. 1908-ൽ ഗൾഫിൽ പെട്രോൾ കണ്ടുപിടിക്കപ്പെട്ടതോടെ പാശ്ചാത്യ സ്വാധീനം ഇവിടങ്ങളിൽ വർദ്ധിച്ചു. പാശ്ചാത്യർക്ക് പെട്രോൾ ആവശ്യമായി മാറിയപ്പോൾ മരുഭൂമിയിൽ അലഞ്ഞു നടന്ന ഗോത്രവിഭാഗങ്ങളായ അറബികൾ പെട്രോൾ വിറ്റ് സമ്പന്നരായി.

EDITORIAL BOARD
Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# കരുതാം നമ്മുടെ കുഞ്ഞുങ്ങളെ



ബിനു വടക്കുംചേരി

ശാസ്ത്രപുരോഗതിയിൽ യുവതലമുറകളുടെ മൂല്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നു. മൊബൈൽഫോണിൽ കിന്നരിച്ചും ഇന്റർനെറ്റിൽ മതി മറന്ന് ട്രെൻഡിന്റെ പിന്നാലെ നെട്ടോട്ടമോടി വിശ്വാസങ്ങളേയും സംസ്കാരത്തെയും വകവെക്കാതെ സമൂഹത്തിലെ ഫ്രീക്ക് തലമുറകളുടെ ഈ കുതിപ്പുകൾ കിതയ്ക്കുമെന്ന് തിരിച്ചറിയാനുള്ള സമയം വരും.

കമ്പ്യൂട്ടറിൽ പുതിയ ഗെയിംസ് കളിച്ചും ടി.വി.യിലെ കാർട്ടൂണുകളും മറ്റും കണ്ടും കുവൈറ്റിൽ കുരുന്നുകൾ അവധിക്കാലം ആഘോഷിക്കുകയാണ്. മാതാപിതാക്കൾ ജോലിക്കിറങ്ങിയാൽ ലാൻഡ് ഫോണിലെ സൗജന്യം മുതലാക്കുവാൻ ഇവർക്കറിയാം. ഫോണിലൂടെ ഗേൾ ഫ്രണ്ട്സിനോടും ബോയ് ഫ്രണ്ട്സിനോടും മണിക്കൂറുകൾ ചെലവഴിക്കുന്നവരുണ്ട്. പിന്നെ ആകെക്കൂടി പുറത്തിറങ്ങുവാൻ കിട്ടുന്ന അവസരം ട്യൂഷന്റെ പേരിലാണ്. അതാകട്ടെ, 'അങ്കിൾ പ്ലീസ് സ്റ്റോപ്പ് ഹിയർ'. 'എന്തിനാണ്' എന്ന് ഡ്രൈവർ ചോദിച്ചാൽ 'ഐ വാണ്ട് ടു ബയ് സംതിങ്ങ്'. എന്ന് പറഞ്ഞിറങ്ങുന്ന ഇവർ തിരിച്ച് വീട്ടിൽ കയറുന്നത് ട്യൂഷൻ കഴിഞ്ഞ് വീട്ടിൽ എത്താറുള്ള അതേ സമയത്ത് തന്നെ. അതുവരെ ഇവർ എവിടെ...?

മറ്റുള്ളവരുടെ കാഴ്ചയിൽ പഠിക്കാൻ പോയിവരുന്ന മിടുക്കർ എന്ന വ്യാജേന ഇവർ വിലസുകയാണ്. തന്റെ മക്കളെക്കുറിച്ച് വിശ്വാസമുള്ള മാതാപിതാക്കൾ കൂടുതൽ ഒന്നും അന്വേഷിക്കുകയുമില്ല. ഇനി രക്ഷിതാക്കളുമൊത്ത് പള്ളിയിൽ പോകുമ്പോൾ ഭക്തി പൂണ്ടവരായിരിക്കാനും ഇവർക്കറിയാം.

മാതാപിതാക്കളാകട്ടെ, യോഗം കഴിയുമ്പോൾ കൂട്ടുവിശ്വാസികൾക്ക് കൈ കൊടുത്തു പരസ്പരം സന്തോഷത്തോടെ പിരിഞ്ഞ് മടക്കയാത്രയിൽ വണ്ടിയിൽ ഇരുന്ന് കൈ കൊടുത്ത ആളെക്കുറിച്ച് അവലോകനവും കുറ്റങ്ങളും ഭാര്യയുമായി പങ്കുവെക്കും. അപ്രകാരം തന്നെ ഭാര്യയും. ഇതെല്ലാം കേട്ട് പിൻസീറ്റിൽ ഇരിക്കുന്ന കുട്ടികളുടെ മനസ്സിൽ മറ്റുള്ളവരോടുള്ള ബഹുമാനം നഷ്ടപ്പെടുന്നു. വീട്ടിൽ എത്തിയാലോ, ഭക്ഷണം കഴിക്കുന്നതിനിടയിൽ പ്രസംഗത്തെക്കുറിച്ചും, സഭയിലെ മറ്റു പല വിഷയങ്ങളെക്കുറിച്ചും പ്രതികരിക്കുമ്പോൾ മാതാപിതാക്കൾ ഇളം മനസ്സിലേക്ക് വിളമ്പിക്കൊടുക്കുന്നത് വിമർശനങ്ങളാണ് തള്ളഞണ്ടിനെ കണ്ട് കുഞ്ഞുഞണ്ട് നടക്കാൻ ശ്രമിക്കുന്നതുപോലെ മാതാപിതാക്കൾ അറിയാതെ, കുട്ടികളും മറ്റുള്ളവരെ കുറ്റം പറയാൻ തുടങ്ങുന്നു. ഇന്നത്തെ കുട്ടികൾ so advance ആയതു കൊണ്ട് അവർ കേട്ടാൽ കുഴപ്പമില്ലെന്നുള്ള മാതാപിതാക്കളുടെ ചെറിയ തെറ്റിദ്ധാരണ ഭാവിയിൽ അവരുടെ സ്വഭാവ രൂപവല്ക്കരണത്തിൽ സ്വാധീനം ചെലുത്തിയേക്കാം.



വ്യർത്ഥസംസാരത്തിൽ നിന്ന് കുട്ടികളെ മാറ്റിനിർത്തുവാൻ ശ്രമിക്കുമ്പോൾ തന്നെ അവരെ അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനും നാം മറന്നുപോകരുത്. തിരക്കേറിയ ജീവിതത്തിൽ മാതാപിതാക്കൾക്ക് ജോലിയുണ്ടെങ്കിലും, കുട്ടികളോടൊപ്പം ചിലവഴിക്കാൻ സമയം കണ്ടെത്തണം. ഐ പാഡും, മക്കൾക്കിഷ്ടമുള്ള ആഹാരങ്ങൾ പാർസൽ വാങ്ങിക്കൊടുത്തും അവരെ നോക്കുന്ന ഉത്തരവാദിത്തം പൂർണ്ണമായി എന്ന് കരുതുമ്പോൾ മാതാപിതാക്കളിൽ നിന്നും കിട്ടുന്ന സംസർഗ്ഗ വും സ്നേഹവുമാണ് അവർക്ക് അന്യമാകുന്നത്.

സ്വന്തം വീട്ടിൽ നിന്നും സുരക്ഷിതത്വവും, മാതാപിതാക്കളിൽ നിന്നും സ്നേഹവും ലഭിക്കാതെ വന്നാൽ അത് കിട്ടുന്നിടത്തേക്ക് ഇന്നത്തെ തലമുറകൾ എത്തപ്പെടും എന്നതിൽ സംശയിക്കാനില്ല. ആധുനിക ടെക്നോളജിയിൽ നീന്തിക്കുളിച്ചും വാട്സപ്പും ഫേസ്ബുക്കും ഇളംമനസ്സിലേക്ക് പകരുന്നത് പ്രായത്തിൽ കവിഞ്ഞുള്ള അറിവും ചീത്ത കൂട്ടുകെട്ടുകളുമാണ് എന്ന് പറയാതെ വയ്യ. മറ്റു മാതാപിതാക്കൾ അവരുടെ മക്കൾക്ക് വാങ്ങിക്കൊടുക്കുന്നതിനെക്കാൾ കൂടുതൽ സ്വന്തം മക്കൾക്ക് നല്കുവാൻ ശ്രമിക്കുന്നവർ ഉണ്ട്. എന്നാൽ അതെല്ലാം ദുരുപയോഗിക്കപ്പെടുന്നുണ്ടോ എന്നറിയാൻ മാതാപിതാക്കൾ ശ്രമിക്കാറില്ല എന്നതാണ് മറ്റൊരു പ്രശ്നം.

സ്വാതന്ത്ര്യം മക്കൾക്ക് കൊടുക്കുമ്പോൾ തന്നെ അവരുടെ ഓരോ ചലനങ്ങളും അറിയാൻ മാതാപിതാക്കൾക്കാകണം. അല്ലെങ്കിൽ നാം അവർക്കായി രാപകൽ അദ്ധ്വാനിച്ച് വെച്ചതെല്ലാം ഉപകരിക്കാതെ വന്നേയ്ക്കാം. 'ബാലന്റെ ഹൃദയത്തോട് ഭോഷത്വം പറ്റിയിരിക്കുന്നു. ശിക്ഷയ്ക്കുള്ള വടി അതിനെ അവനിൽ നിന്നും അകറ്റികളയും.' എന്ന തിരുവചനം മാതാപിതാക്കൾ ഓർക്കണം

ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം കൊടുക്കുമ്പോൾ തന്നെ അവർക്ക് ആത്മീയത്തിൽ നല്ല ശിക്ഷണം കൊടുത്തും, പരീക്ഷയുടെ പേരിൽ ആരാധന മുടക്കുന്ന പ്രവണത ഒഴിവാക്കിയും ദൈവികഭക്തിയിൽ വളർന്നുവരുവാൻ നാം നമ്മുടെ മക്കളെ പരിശീലിപ്പിക്കണം. അത്തരത്തിൽ ലഭിക്കുന്ന എല്ലാ സാഹചര്യങ്ങളും നാം അവർക്കായി തുറന്നുകൊടുത്തും നമ്മുടെ തലമുറകൾക്കായി നാം ദൈവസന്നിധിയിൽ നിലവിളിച്ചാൽ സമൂഹത്തിനും, കുടുംബത്തിനും അനുഗ്രഹപാത്ര മായി അവർ മാറും എന്നതിൽ രണ്ടു പക്ഷമില്ല.

അഹരോന്റെ പുത്രന്മാരായ നാദാബും അബിഹൂവും തങ്ങളോട് കല്പിച്ചതല്ലാത്ത അന്യഅഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നപ്പോൾ യഹോവയുടെ സന്നിധിയിൽ നിന്നും പുറപ്പെട്ട തീയാൽ അവർ ഇരുവരും മരിച്ചുപോയി.

യഹോവ നിന്നോട് കൂടെ ഉണ്ട് എന്ന് ദൂതൻ സാക്ഷീകരിച്ച പരാക്രമശാലിയായ ഗിദെയോന്റെ മകനായ അബിമെലേക്ക് തന്റെ സഹോദരന്മാരായ 70 പേരെയും ഒരു കല്ലിന്മേൽ വെച്ച് കൊന്നു കളഞ്ഞ തലമുറയാണ്.

മഹാപുരോഹിതനായ ഏലിയുടെ പുത്രന്മാർ നീചന്മാരും യഹോവയെ ഓർക്കാത്തവരുമായി രുന്നു. അവരുടെ പാപം നിമിത്തം അവർ ഒരേ ദിവസത്തിൽത്തന്നെ മരിച്ചുപോയി.

ഇസ്രായിലിന്റെ രാജാവും യഹോവ ഭക്തനുമായ ദാവീദിന്റെ മകനായ അബ്ശാലോമിന്റെ സഹോദരി താമാർ- നോട് പ്രേമം മൂത്ത അമ്നോൻ എന്ന ദാവീദിന്റെ മറ്റൊരു മകന് അവളെ ബലാല്ക്കാരം ചെയ്യുകയും ഇതറിഞ്ഞ സഹോദരൻ അബ്ശാലോം അമ്നോനെ വധിക്കുകയും ചെയ്തു. പിന്നീട് അബ്ശാലോം ദാവീദിന് എതിരായി മത്സരിക്കുകയും അവൻ നിമിത്തം ദാവീദ് യിസ്രായേലിൽനിന്നും ഓടിപ്പോകേണ്ടിയും വന്നു. അവസാനം ഒരു കരുവേലകത്തിൽ തലമുടി കുടുങ്ങി ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങിമരിക്കുകയായിരുന്നു അബ്ശാലോം.

പ്രിയ മാതാപിതാക്കളെ, യഹോവയുടെ സന്നിധിയിൽ ഉറച്ചുനിന്നവരുടേയും പുരോഹിതരുടേ യും രാജാക്കന്മാരുടേയും ജീവിതത്തിൽ തങ്ങളുടെ തലമുറകൾ തങ്ങൾക്കും ദൈവത്തിനും അനിഷ്ടമായത് ചെയ്ത് ദൈവകോപത്താൽ പട്ടുപോയെങ്കിൽ നമ്മുടെ തലമുറകളെ ബാല്യത്തിൽത്തന്നെ നല്ലത് അഭ്യസിപ്പിക്കാൻ നമുക്ക് കഴിഞ്ഞാൽ പിന്നീട് അവരെ ഓർത്തു വേദനിക്കേണ്ടി വരില്ല.

> **ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം കൊടുക്കുമ്പോൾ തന്നെ അവർക്ക് ആത്മീയത്തിൽ നല്ല ശിക്ഷണം കൊടുത്തും, പരീക്ഷയുടെ പേരിൽ ആരാധന മുടക്കുന്ന പ്രവണത ഒഴിവാക്കിയും ദൈവികഭക്തിയിൽ വളർന്നുവരുവാൻ നാം നമ്മുടെ മക്കളെ പരിശീലിപ്പിക്കണം.**

Bible QUIZ ക്രിസ്ത്യൻ വേൾഡ്

## ബൈബിൾ ക്വിസ്

1 ഏഫോദിന്റെ അങ്കി ഏത് നൂൽ കൊണ്ടാണ് ഉണ്ടാക്കിയത്?
2 പതക്കത്തിന്റെ രണ്ടാം നിരയിൽ ഉള്ള രത്നങ്ങൾ ഏതൊക്കെ?
3 ആരാണ് ആയുസിന്റെ പകുതിയോളം ജീവിക്കാത്തത്?
4 അധരചർവ്വണം കൊണ്ട് ഉണ്ടാകുന്നത് എന്ത് ?
5 നിങ്ങളിൽ നടന്ന വീര്യപ്രവർത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടു തന്നെ രട്ടിലും വെണ്ണീറിലും ഇരുന്നു മാനാസാന്തരപ്പെടുമായിരുന്നു. എന്ന് കർത്താവ് ഏതൊക്കെ പട്ടണങ്ങളെക്കുറിച്ചാണ് പറഞ്ഞത്?
6 ശീലോഹോമിലെ ഗോപുരം വീണ് മരിച്ച് പോയത് എത്ര പേർ ?
7 സുഖാർ എന്ന ശമര്യ പട്ടണത്തിൽ എന്തുണ്ടായിരുന്നു?
8 ഏക ഹൃദയവും ഏകമനസ്സും ഉള്ളവരാര്?
9 അപ്പൊസ്തൊലൻമാർ ബർന്നബാസ് എന്ന് മറുപേര് വിളിച്ച യോസേഫിന്റെ നാട് ഏത്?
10 ജീവനെ ആനന്ദിപ്പിക്കുന്നത് ?
11 ബാൽഹാമോനിൽ മുന്തിരി തോട്ടം ഉണ്ടായിരുന്നതാർക്ക്?
12 ബാബേൽ രാജാവിന്റെ പേര്?
13 പൗലോസ് ചുറ്റിനടന്നു പൂജാസ്ഥലങ്ങളെ നോക്കിയപ്പോൾ കണ്ടതെന്ത്?
14 ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു ദൈവം എന്താണ് കൊടുക്കുന്നത്?
15 ഞാൻ നട്ടു .......... നനച്ച ദൈവമത്രെ വളരുമാറാക്കിയത്. ഇവിടെ പൗലോസ് ആരെക്കുറിച്ചാണ് പറയുന്നത്?
16 ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസാകുന്നു എങ്കിൽ നീതിയുടെ ശുശ്രൂഷ എങ്ങനെയുള്ളതാണ് ?
17 അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നതെന്ത്?
18 യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ ജ്യോതിസ് ഏത് രത്നംപോലെയായിരുന്നു?

| | |
|---|---|
| ഒന്നാം സമ്മാനം | 1000 രൂപ |
| രണ്ടാം സമ്മാനം | 700 രൂപ |
| മൂന്നാം സമ്മാനം | 500 രൂപ |

കൂടുതൽ പേർ വിജയികളായാൽ നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നതാണ്. ശരിയുത്തരം **സെപ്റ്റംബർ 20നു** മുമ്പായി ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ താഴെക്കാണുന്ന വിലാസത്തിലോ ഇ-മെയിലിലോ അയയ്ക്കുക.

ക്രിസ്ത്യൻ വേൾഡ്
മാങ്ങാനം പി.ഓ., കോട്ടയം - 686 018
കോട്ടയം, കേരളം
cwbq2018@gmail.com

അന്തിമതീരുമാനം ക്രിസ്ത്യൻ വേൾഡിൽ നിക്ഷിപ്തമായിരിക്കും.

# കുടുംബജീവിതം എല്ലാവർക്കും മാന്യം



സാം റ്റി. മുഖത്തല

വിവാഹം വിലക്കുന്നവരും വിവാഹം വേണ്ടെന്നുവയ്ക്കുന്നവരും വിവാഹജീവിതം പാപമാണെന്നു വിശ്വസിക്കുന്നവരും തുടങ്ങി കുടുംബജീവിതത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായക്കാരാണ് നമ്മുടെ ഇടയിൽ ഉള്ളത്. ചില മതങ്ങൾ, സമൂഹങ്ങൾ, സഭകൾ തുടങ്ങി വിവാഹം കഴിക്കുന്നതു തെറ്റാണെന്നു ചിന്തിക്കുന്നവരുമുണ്ട്. മതങ്ങളുടെ നിയമം എന്താണെങ്കിലും ദൈവത്താൽ സ്ഥാപിതമായ പരിപാവനമായ കുടുംബത്തെക്കുറിച്ച് തിരുവചനാടിസ്ഥാനത്തിൽ വേണം അവസാന തീരുമാനം എടുക്കാൻ. മതം ഉണ്ടാക്കിയത് മനുഷ്യനാണ്. മതസംഘടനകളുടെ എല്ലാം നിയമം മനുഷ്യനാണ് ഉണ്ടാക്കിയത്. അതൊന്നും ദൈവികമല്ല. വിവാഹം വിലക്കുന്ന സഹോദരിമാരും വൈദികരും പാസ്റ്റർമാരുമെല്ലാം ദൈവവചനലംഘനമാണു ചെയ്യുന്നത്. വിവാഹജീവിതത്തെക്കുറിച്ച് ബൈബിൾ എന്തുപറയുന്നു എന്നു നോക്കാം:

വിവാഹം എല്ലാവർക്കും
മാന്യം (എബ്രാ. 13:4)

വിവാഹം എല്ലാവർക്കും മാന്യം എന്നതിനാൽ വിവാഹം തെറ്റാണെന്നു പറയുന്നതു വചനവിരുദ്ധമാണ്. ജനത്തിനും ഭരണകർത്താക്കൾക്കും വിശ്വാസിക്കും പുരോഹിതനും തുടങ്ങി എല്ലാ മേഖലയിലുള്ള എല്ലാവർക്കും വിവാഹം മാന്യമാണ് (1 കൊരി. 7: 2,3). പൗലൊസ് അപ്പൊസ്തലൻ പറയുന്നത്; ദുർന്നടപ്പു നിമിത്തം ഓരോരുത്തനു സ്വന്തം ഭാര്യയും ഓരോരുത്തിക്കു സ്വന്തം ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയ്ക്കും ഭാര്യ ഭർത്താവിനും കടപ്പെട്ടതു ചെയ്യട്ടെ. ചിലർ വിശ്വസിക്കുന്നത് കുടുംബജീവിതം നയിക്കുന്നവർക്ക് ദൈവത്തെ പ്രസാദിപ്പിക്കാൻ സാധ്യമല്ല എന്നാണ്. നന്നായി കുടുംബജീവിതം പുലർത്തി ദൈവത്തെ പ്രസാദിപ്പിച്ച ചിലരെ തിരുവചനത്തിൽ നമുക്കു പരിശോധിക്കാം: തിരുവചനത്തിൽ കുടുംബജീവിതത്തോടൊപ്പം ദൈവത്തെ പ്രസാദിപ്പിച്ച ധാരാളം വ്യക്തികൾ ഉണ്ട്.

a. ഹാനോക്ക് (ഉൽപ. 5:21-24).

തിരുവചനത്തിൽ ദൈവത്തോടുകൂടെ നടന്ന ഭക്തനാണ് ഹാനോക്ക്. ദൈവത്തോടു കൂടെ നടന്നു ദൈവത്തോടു സംസാരിച്ചു. ദൈവത്തോടു കൂടെ നടക്കുന്ന കൂട്ടത്തിൽ ദൈവം ഹാനോക്കിനെ എടുത്തുകൊണ്ടുപോയി. അത്രമാത്രം ദൈവപ്രസാദം ലഭിച്ച മനുഷ്യനാണ് ഹാനോക്ക്. എന്നാൽ, തിരുവചനം പറയുന്നത്, ഹാനോക്ക് ദൈവത്തോടുകൂടെ നടന്ന്, കുടുംബജീവിതം നയിച്ച് പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു. ഹാനോക്കിന് കുടുംബജീവിതം നയിക്കാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല.

b. നോഹ
(ഉൽപ. 6:810; 7:1; 8: 1: 9:1).

ദൈവത്തിന്റെ കൃപ ലഭിച്ച മനുഷ്യനാണ് നോഹ. നോഹയെക്കുറിച്ച് തിരുവചനം പറയുന്നത്; "നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടു കൂടെ നടന്നു" (ഉൽപ. 6:9). നോഹ ദൈവത്തോടുകൂടെ നടന്നു. ദൈവം എന്തുപറഞ്ഞാലും അനുസരിക്കുന്നവനായിരുന്നു നോഹ. അതുകൊണ്ടാണ് മാനുഷികമായി വിഡ്ഢിത്തം എന്നു തോന്നുമെങ്കിലും ദൈവം പറഞ്ഞതുപോലെ പെട്ടകം പണിതത്. ഉൽപ. 6:10 ൽ നോഹ പുത്രന്മാരെ ജനിപ്പിച്ചു. ദൈവം നോഹയോടു പറഞ്ഞു; നീയും നിന്റെ കുടുംബവും പെട്ടകത്തിൽ കടക്കുക. ഞാൻ നിന്നെ ഈ തലമുറയിൽ നീതിമാനായി കണ്ടിരിക്കുന്നു (ഉൽപ. 7:1). ദൈവത്തിന്റെ കൃപ ലഭിച്ച, നീതിമാനും നിഷ്കളങ്കനും ദൈവത്തോടുകൂടെ നടന്നതുമായ നോഹയ്ക്ക് കുടുംബജീവിതം നയിക്കുന്നതിനും മക്കളെ ജനിപ്പിക്കുന്നതിനും യാതൊരു കുഴപ്പവും ഇല്ലായിരുന്നു. കുടുംബജീവിതം നയിക്കുന്നത് ദൈവപ്രസാദമാണ്.



c. അബ്രാഹാം
(ഉൽപ.21: 2,3).

അബ്രാഹാമിന്റെ ദൈവം എന്നു വിളിക്കപ്പെട്ടു. ദൈവത്തെ പരിചയപ്പെടുത്തിയത് അബ്രാഹാമിന്റെ ദൈവം എന്നാണ്. വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുകയും ദൈവത്തോടു ദിനംതോറും സംസാരിച്ചിരുന്നതുമായ അബ്രാഹാമും ദൈവവും തമ്മിലുള്ള ബന്ധം ആഴമേറിയതായിരുന്നു. ദൈവത്തിലുള്ള തന്റെ വിശ്വാസവും അനുസരണവും നിമിത്തം സ്വന്തം മകനെ യാഗംകഴിക്കാൻപോലും മടികാണിച്ചില്ല. അങ്ങനെയുള്ള അബ്രാഹാം സാറയുമായിട്ടുള്ള കുടുംബജീവിതത്തെക്കുറിച്ചും അവർക്കുണ്ടായ തലമുറകളെക്കുറിച്ചും തിരുവചനത്തിൽ കാണുന്നു. അബ്രാഹാം-യിസ്ഹാക്ക്-യാക്കോബ്-യോസേഫ് എന്നിങ്ങനെ തലമുറകളായിട്ടുള്ള ചരിത്രം തന്നെ തിരുവചനത്തിൽ പ്രതിപാദിക്കുന്നു. ഇതിന്റെ അർഥം, ഇവരെല്ലാവരും കുടുംബജീവിതം നയിച്ചവരും തലമുറകളെ ജനിപ്പിച്ചവരുമാണ് എന്നാണ്.

d. മോശെ (പുറ. 2: 21,22)

പഴയനിയമത്തിലെ മധ്യസ്ഥനാണ് മോശെ. തന്റെ ജനമായ യിസ്രായേലിന്റെ കഷ്ടത കണ്ട് ജനത്തെ പുറപ്പെടുവിച്ച പഴയനിയമത്തിലെ ഏറ്റവും വലിയ നേതാവാണ് മോശെ. നിരവധിപ്രാവശ്യം ദൈവസന്നിധിയിൽ കയറിച്ചെന്ന് ദൈവത്തെ തേജസ്സോടെ കണ്ടവനാണ്. മോശെ മരിച്ചപ്പോൾ അടക്കം ചെയ്തത് ദൈവമാണ്. യിസ്രായേൽജനത്തിനു കല്പന വാങ്ങിക്കൊടുത്തവനും സമാഗമനകൂടാരം പണിതവനുമാണ് മോശെ. നിരന്തരം ദൈവം മോശെയോടു സംസാരിച്ചുകൊണ്ടിരുന്നു. കാലാവസാനത്തിൽ മഹോപദ്രവകാലത്ത് പ്രസംഗിക്കാൻ മോശെയും ഏലിയാവും ഇറങ്ങിവരുമെന്നു വിശ്വസിക്കുന്നു. ഇങ്ങനെയുള്ള മോശെ കുടുംബജീവിതം നയിക്കുകയും മക്കളെ ജനിപ്പിക്കുകയും ചെയ്തു.

e. പത്രൊസും അപ്പൊസ്തലന്മാരും (1 കൊരി. 9:5)

ഇവിടെ പൗലൊസ് കൊരിന്ത്യസഭയോട് എഴുതി ചോദിക്കുകയാണ്, കെഫാവും (പത്രൊസ്) അപ്പൊസ്തലന്മാരും കർത്താവിന്റെ സഹോദരന്മാരും ചെയ്യുന്നതുപോലെ ഭാര്യയായ സഹോദരിയോടുകൂടെ സഞ്ചരിക്കാൻ ഞങ്ങൾക്ക് അനുവാദം ഇല്ലയോ എന്ന്. ഇവിടെ കാണുന്ന മൂന്നു കൂട്ടരും വിവാഹംകഴിച്ചവരാണ്. അതായത് പുതിയനിയമത്തിൽ ഒരിക്കലും ഒഴിവാക്കാൻ പറ്റാത്ത പ്രധാനപ്പെട്ട വ്യക്തികളായ പത്രൊസ്, അപ്പൊസ്തലന്മാർ, യേശുവിന്റെ സഹോദരന്മാർ. അതായത് യേശുവിന്റെ അമ്മയായ മറിയ പ്രസവിച്ച യാക്കോബും യൂദയും അവർ പിന്നീട് അപ്പൊസ്തലന്മാരായിരുന്നു. ഇവരെല്ലാം വിവാഹംകഴിച്ചവരും കുടുംബത്തോടുകൂടെ താമസിച്ചവരുമാണ്.

തിരുവചനം പറയുന്നത്, വിവാഹം കഴിക്കണമെന്നും കുടുംബജീവിതം നയിക്കണമെന്നുമാണ് (1 കൊരി. 7: 2,9). എങ്കിലും ദുർന്നടപ്പു നിമിത്തം കുടുംബജീവിതം നയിക്കട്ടെ. ജിതേന്ദ്രിയത്വമില്ലെങ്കിലോ അവർ വിവാഹം കഴിക്കട്ടെ. അഴലുന്നതിനെക്കാൾ വിവാഹം ചെയ്യുന്നത് നല്ലത്. തിരുവചനത്തിൽ വിവാഹം വിലക്കാൻ പ്രമാണമില്ല. ദൈവത്താൽ സ്ഥാപിതവും പഴയനിയമത്തിലെ പ്രമുഖരും പുതിയനിയമത്തിലെ പത്രൊസും അപ്പൊസ്തലരും വിവാഹം കഴിച്ചതുകൊണ്ടും വിവാഹം എന്തിനു വിലക്കണം?

പാസ്റ്റർ (ഇടയൻ) വിവാഹം കഴിക്കണം. സഭയെ പരിപാലിക്കുന്നവരായ ഇടയന്മാർ തീർച്ചയായും വിവാഹം കഴിച്ച് കുടുംബം പുലർത്തുന്നവരാകണം. പൗലൊസ് അപ്പൊസ്തലൻ തന്റെ നിജപുത്രരും സഹപ്രവർത്തകരുമായ തിമൊഥിയൊസിനോടും തീത്തൊസിനോടും ഉപദേശിക്കുന്നു (1 തിമൊ. 3:2-5). എന്നാൽ അധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമദനും ജിതേന്ദ്രിയനും ആയിരിക്കണം. സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം. "സ്വന്തകുടുംബത്തെ ഭരിക്കാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും?" "ശുശ്രൂഷകന്മാർ ഏകഭാര്യയുള്ള ഭർത്താക്കന്മാരും സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവരും ആയിരിക്കണം" (1 തിമൊ. 3: 12). പൗലൊസ് തിത്തൊസിനോടു പറയുന്നത്; "ഞാൻ നിന്നെ ക്രേത്തയിൽ വിട്ടേച്ചുപോന്നത് മൂപ്പന്മാരെ ആക്കിവെക്കേണ്ടതിനാണ്'' (തീത്തൊ.5:12). മൂപ്പന്മാരെ ആക്കുമ്പോൾ അവർക്കുള്ള യോഗ്യതകളെക്കുറിച്ചു പറയുന്നത്, "മൂപ്പൻ കുറ്റമില്ലാത്തവനും ഏകഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കൾ ഉള്ളവരും ആയിരിക്കണം''(തീത്തൊ. 1:6). ഇതാണ് തിരുവചനം അനുശാസിക്കുന്നത്.

സഭയെ പരിപാലിക്കുന്നവർ, ഭവനസന്ദർശനം നടത്തുമ്പോൾ, സ്ത്രീകൾ മാത്രമുള്ള വീടുകളിൽ തനിയെ സന്ദർശിച്ചാൽ പേരുദോഷത്തിനു കാരണമാകും. ദൈവസഭയെയും ദൈവദാസന്മാരെയും പഴിക്കാൻ നോക്കിയിരിക്കുന്ന ഇക്കാലത്ത് പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരും ആയിരിക്കണം. ആകയാൽ ശുശ്രൂഷകന്മാർ കുടുംബമായി പാർത്തുകൊണ്ട് ശുശ്രൂഷ ചെയ്യുക.

വിവാഹത്തെക്കുറിച്ച്
പൗലൊസിന്റെ അഭിപ്രായം

പൗലൊസ് കുടുംബജീവിതം നയിച്ചിട്ടില്ല എന്ന് അഭിപ്രായപ്പെടുന്നവരാണ് ഏറെയും. താൻ അത്തരത്തിൽ കൃപാവരത്താൽ നിറയപ്പെട്ടവനായിരുന്നു. തിരുവചനപ്രകാരം അപ്പൊസ്തലന്മാരിൽ അഗ്രഗണ്യനായിരുന്നു അപ്പൊസ്തലനായ പൗലൊസ്. സുവിശേഷത്തിനുവേണ്ടി ബഹുകഷ്ടം സഹിച്ച് മരിച്ച വ്യക്തി. വിശ്വാസം എന്ന അധികവരം ഉൾപ്പെടെ വിവിധ പ്രത്യേക വരങ്ങളാൽ നിറയപ്പെട്ട അപ്പൊസ്തലനായിരുന്നു പൗലൊസ്. പൗലൊസിനെപ്പോലെ സുവിശേഷത്തിനുവേണ്ടി തന്റെ ജീവനെ കളയാനും കൂടി തയ്യാറാകുന്നവനായിരിക്കണം. പൗലൊസിനെപ്പോലെ ആകാൻ ഇക്കാലത്തു വിചാരിച്ചാൽ, അതു വ്യാമോഹം ആയിപ്പോകും.

ഇവിടെ പൗലൊസ് ചോദിക്കുന്നു; "മറ്റ് അപ്പൊസ്തലന്മാരെപ്പോലെ എനിക്ക് ഭാര്യയുമായി നടക്കരുതോ?" (1 കൊരി. 9:5). ഈ ഭാഗത്തു കാണുന്നത് സ്ത്രീയെ തൊടാതിരിക്കുന്നത് നല്ലത്. നിങ്ങൾ എല്ലാവരും എന്നെപ്പോലെ ആകണമെന്നാണ് എന്റെ ആഗ്രഹം (1 കൊരി. 7:1,6). പലർക്കും പലതരത്തിൽ കൃപാവരങ്ങൾ നൽകിയിരിക്കുന്നു. വിവാഹം കഴിക്കാത്തവരോടും വിധവമാരോടും നിങ്ങൾ എന്നെപ്പോലെ പാർത്തുകൊണ്ടാൽ നിങ്ങൾക്കു നല്ലത് (1 കൊരി. 7:8) എന്നു പറയുന്നു. 1 കൊരി. 7:27, നീ ഭാര്യയില്ലാത്തവനെങ്കിൽ ഭാര്യയെ അന്വേഷിക്കരുത് എന്നാണ് പൗലൊസ് പറയുന്നത്.

പൗലൊസ് എല്ലാവരോടും പറയുന്നത്, പ്രത്യേകിച്ചും തിമൊഥെയൊസിനോടും തീത്തൊസിനോടും പറയുന്നത് വിവാഹം കഴിക്കണം എന്നാണ്. വിവാഹജീവിതത്തിന്റെ ആവശ്യകതയും കഴിച്ചാൽ എങ്ങനെ ആകണമെന്നും പൗലൊസ് ഉപദേശിക്കുന്നു. തിരുവചനം കുടുംബജീവിതത്തിന് എതിരല്ല, അനുകൂലമാണ്. മാന്യമായി കുടുംബജീവിതം നയിക്കണം എന്നുമാത്രം.

പ്രത്യേക കൃപാവരം പ്രാപിച്ചവർക്കേ കുടുംബജീവിതത്തിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ സാധിക്കൂ

കുടുംബജീവിതത്തിൽ നിന്ന് ഒഴിഞ്ഞിരിക്കണമെങ്കിൽ ദൈവത്തിൽനിന്ന് പ്രത്യേകാൽ കൃപാവരം പ്രാപിച്ചിരിക്കണം. എല്ലാവർക്കും ആ കൃപ ലഭിച്ചിട്ടില്ല. പ്രാപിക്കാൻ പറ്റുകയുമില്ല (മത്താ.19:10-12). ഇവിടെ വിവാഹമോചനം പാടില്ലെന്നു യേശു പറയുമ്പോൾ, ഒരു ശിഷ്യൻ പറഞ്ഞു വിവാഹം കഴിക്കുന്നത് നന്നല്ല എന്ന്. അപ്പോൾ യേശു പറഞ്ഞു, വരം ലഭിച്ചവർക്കേ അതിനു കഴിയൂ. ശേഷം കർത്താവ് പറഞ്ഞു, ഷണ്ഡന്മാർ മൂന്നുതരത്തിൽ ഉണ്ട്: ഗർഭത്തിൽവെച്ച് ഷണ്ഡനായി ജനിച്ചവൻ, മനുഷ്യൻ ഷണ്ഡനാക്കിയവൻ, സ്വർഗരാജ്യം നിമിത്തം സ്വയം ഷണ്ഡരാക്കിയ ഷണ്ഡന്മാർ. ഗ്രഹിപ്പാൻ കഴിയുന്നവർ ഗ്രഹിക്കട്ടെ. സ്വർഗരാജ്യം നിമിത്തം സ്വയം ഷണ്ഡനായി ജീവിക്കണമെങ്കിൽ വരം പ്രാപിക്കണം. അങ്ങനെ തന്നെത്താൻ ഷണ്ഡനാക്കപ്പെട്ടവനാണ് പൗലൊസ്. (1 കൊരി. 7:7) കുടുംബത്തെക്കുറിച്ച് പൗലൊസ് പറയുന്ന ഉപദേശമാണ് 7-ാം അധ്യായം. ഇതിൽ പൗലൊസ് പറയുകയാണ്, 'സകലമനുഷ്യരും എന്നെപ്പോലെ ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു'. എങ്കിലും ഓരോരുത്തർക്ക് താന്താന്റെ കൃപാവരം ദൈവം നൽകിയിരിക്കുന്നു. ഇതിന്റെ അർഥം പൗലൊസിനു തന്നെത്തന്നെ ഷണ്ഡനാക്കി ജീവിക്കാൻ കൃപാവരം ലഭിച്ചിരുന്നു എന്നാണ്.

വിവാഹം വിലക്കുന്നത്
വ്യാജാത്മാക്കൾ

വിവാഹവും കുടുംബജീവിതവും വിലക്കുകയും, കുടുംബജീവിതം നയിക്കാതിരിക്കുകയും ചെയ്യുന്നത് തിരുവചനവിരുദ്ധവും വ്യാജാത്മാക്കളുമാണ് (1 തിമൊ. 4:1,2). എന്നാൽ, ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളുടെയും ഭൂതങ്ങളുടെയും ഉപദേശങ്ങളെ ആശ്രയിച്ച് വിശ്വാസം ത്യജിക്കും. അവർ സ്വന്ത മനഃസാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുന്നു. ഭൂതങ്ങളുടെ ആത്മാവാണ് വിവാഹം വിലക്കുന്നത്. വിവാഹം എല്ലാവർക്കും മാന്യമാണ്. മനുഷ്യരായി പിറന്നവരെല്ലാം വിവാഹത്താൽ കുടുംബജീവിതം നയിക്കേണ്ടവരാണ്. വർണവർഗവ്യത്യാസം കൂടാതെ കുടുംബജീവിതം നയിക്കുമ്പോഴേ ദൈവികപദ്ധതി സാധ്യമാകൂ. എന്നാൽ, പിശാച് ജനത്തെ കലക്കിക്കളയാൻ വിരുദ്ധമായ ഉപദേശങ്ങൾ ഇറക്കുമ്പോൾ കുടുംബജീവിതവും വിലക്കുന്നു. ദൈവത്താൽ സ്ഥാപിതവും ദൈവം ആദിയിൽ കാർമികത്വം വഹിച്ചതുമായ മഹനീയപ്രസ്ഥാനമായ കുടുംബം എന്നത് ഇന്നും നിലനിൽക്കുന്നു. ആയതിനാൽ വിവാഹത്തെ വിലക്കാൻ ആർക്കും സാധ്യമല്ല.

# മോശെയുടെ വടി



ജിൻസി റോണി

**മുൾപ്പടർപ്പിൽ മുഴങ്ങിക്കേട്ട യഹോവയുടെ ശബ്ദം വീണ്ടും മോശെയോട് സംസാരിക്കുന്നത് ഞാൻ കേട്ടു. നിന്റെ കൈയിൽ ഇരിക്കുന്ന വടി എടുത്ത് നീട്ടി കടലിനെ വിഭാഗിക്ക എന്ന്.... ആ ശബ്ദം കേട്ടതും മോശെയുടെ കൈ എന്നെയും എടുത്ത് ഉയർന്നു.**



ആട്ടിൻ കൂട്ടത്തെ മേയിക്കാൻ എടുക്കുന്നത്. ആടുകളെ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കാനും അനുസരണയില്ലാത്തതിന് ചെറിയ ഒരു കൊട്ടു കൊടുക്കാനും ഒക്കെ ആയി ഞാൻ ഇല്ലാതെ പറ്റില്ല. അന്നും പതിവുപോലെ എന്നെയും കൈയ്യിൽ പിടിച്ച് മോശെ പോയതാണ്. ദാ... അങ്ങ് ദൂരെ ഒരു മുൾപ്പടർപ്പ് തീ പിടിച്ച് കത്തുന്നു. പക്ഷെ മുൾപ്പടർപ്പ് വെന്തു പോകുന്നില്ല. ഇതെന്താ ഇങ്ങനെ എന്നും പറഞ്ഞ് മോശെ അതിന്റെ അടുത്തേക്ക് പോകയാണ്. അതാ പെട്ടെന്ന് ഒരു ശബ്ദം. മോശേ.. മോശേ ഇങ്ങോട്ട് അടുത്ത് വരരുത്. ഹൊ! എന്തായാലും സമാധാനം ആയി ഇനി പേടിക്കണ്ടല്ലോ...

മോശെയോട് ദൈവം സംസാരിക്കുകയാണ്, ഞാൻ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു എന്ന് പറഞ്ഞപ്പോഴും മോശെ പേടിച്ച് മുഖം മൂടി. മോശെയോട് മിസ്രയീം ദേശത്തേക്ക് പോകുന്നു എന്നാണ് കർത്താവ് കൽപിക്കുന്നത്. മോശെ പോകാതിരിക്കാനുള്ള സകല അടവുകളും നോക്കുന്നുണ്ട്. പക്ഷെ, ദൈവത്തിന് മോശെയെ അയച്ചേ മതിയാകൂ. മോശെ പറയുന്നുണ്ട് ഞാൻ വിക്കനാണ്. എനിക്ക് സംസാരിപ്പാൻ അറിയില്ല. അവിടെ ചെന്ന് ഇതൊക്കെ പറഞ്ഞാൽ അവർ വിശ്വസിക്കുമോ എന്നൊക്കെ പറഞ്ഞുനോക്കി... ഒന്നും അങ്ങോട്ട് ഫലിക്കുന്നില്ല. ദൈവത്തിന് അതൊന്നും ഒരു പ്രശ്നം അല്ല.. ഇതിന്റെ ഇടയ്ക്ക് എനിക്ക് എന്തൊക്കെയോ രൂപ മാറ്റം സംഭവിച്ചു. ഞാൻ പെട്ടെന്ന് ഞാൻ സർപ്പമായി പിന്നെ മോശെ വാലിൽ പിടിച്ചപ്പോൾ പിന്നെയും ഞാൻ പഴയ ലോലെ തന്നെ ആയി.

മിസ്രയിമിലേക്ക് പോകുമ്പോൾ അടയാളങ്ങൾ കാണിക്കാൻ കൈയ്യിൽ ഉള്ള വടിയും കൊണ്ടു പോകണം എന്ന് പറയുന്ന ശബ്ദം കേട്ടാണ് ഞാൻ എന്റെ ഞെട്ടലിൽ നിന്നും ഉണർന്നത്. അങ്ങനെ ഞാൻ യാത്ര പോകയാണ്. ആട്ടിൻ കൂട്ടങ്ങളും മലകളും കുന്നുകളും താഴ്വരകളും ഒക്കെ കണ്ടിരുന്ന ഞാൻ പുതിയ ഒരു ദേശത്തേക്ക് യാത്രയാകുകയാണ്.

പിന്നെ ഒരു കാര്യം ഇപ്പോൾ എന്റെ പേര് തന്നെ മാറി, ദൈവത്തിന്റെ വടി എന്നായി. അങ്ങനെ ഞാനും മോശെയും, അഹരോനും യാത്ര ചെയ്ത് ഫറവോന്റെ അടുത്തെത്തി. മോശെ പറയുന്നതൊന്നും ഫറവോൻ കേൾക്കുന്നില്ല. യഹോവ ആരാണ്? ഞാൻ എന്തിന് യിസ്രയേൽ മക്കളെ യഹോവയെ ആരാധിപ്പാൻ അയക്കണം? എന്നൊക്കെയാണ് ചോദിക്കുന്നത്. മോശെ കാണിക്കുന്ന അടയാളങ്ങൾ ഒന്നും തന്നെ ഫറവോൻ വിശ്വസിക്കുന്നില്ല. അവിടുത്തെ മന്ത്രവാദികൾക്കും ഇതൊക്കെ പറ്റും എന്നാണ് ഫറവോൻ പറയുന്നത്. ചുരുക്കി പറഞ്ഞാൽ ഫറവോനു ഞങ്ങളെ ഒരു പുച്ഛംപോലെയാണെന്ന് എനിക്ക് തോന്നി.

അടുത്ത ദിവസം ഞങ്ങൾ ഫറവോനെ കാണാൻ നദി തീരത്ത് നോക്കി നിൽക്കുമ്പോൾ ഫറവോൻ വെള്ളത്തിന്റെ അടുത്തേക്ക് ഇറങ്ങി വരുന്നത് കണ്ട് മോശെ പിന്നെയും പറഞ്ഞു, യിസ്രയേല്യരെ വിട്ടയക്കണമെന്ന്. ഫറവോൻ ഇതൊന്നും കേട്ടമട്ടില്ല. മോശെ എന്നെ എടുത്ത് നദിയിലെ വെള്ളത്തിൽ അടിച്ചു. വെള്ളത്തിന്റെ നിറമെല്ലാം മാറി അത് രക്തമായി. മത്സ്യങ്ങൾ എല്ലാം ചത്തുപൊങ്ങി. നാറ്റംകൊണ്ട് അവിടെ നിൽക്കാൻ വയ്യ. ഫറവോനു മാത്രം ഒരു കുലുക്കവും ഇല്ല.

പിന്നെ വേറൊരു കാര്യം പറയാൻ മറന്നു. മോശെ അവിടുന്ന് വന്നപോലെ ഒന്നും അല്ല ഇപ്പോൾ. ഇങ്ങോട്ട് പോരുമ്പോൾ എന്നെ പേടിയായിരുന്നു, ഞാൻ വിക്കനാണ്, സംസാരിപ്പാൻ അറിയില്ല എന്നൊക്കെ ദൈവത്തോടു പറഞ്ഞിരുന്നു. ഇപ്പോൾ ഫറവോന്റെ മുന്നിൽ നിവർന്നു നിന്ന് മോശെ സംസാരിക്കുന്നത് കാണുമ്പോൾ എനിക്ക് ഭയങ്കരം അഭിമാനം തോന്നി. ദൈവം ഒരാളുടെ കൂടെ ഉണ്ടായാൽ എന്തൊക്കെ മാറ്റങ്ങളാണ് അവരിൽ വരുന്നത്. ഇപ്പോൾ ഈ മിസ്രയേമ്യരും ഫറവോന്റെ ഭൃത്യൻമാരും ഒക്കെ മോശെ മഹാ ശ്രേഷ്ഠനാണ് എന്നാണ് പറയുന്നത്. മോശെ എവിടെ പോയാലും എന്നെയും കൂടെ കൂട്ടും. ഫറവോൻ എന്നും ഓരോന്നാണ് പറയുന്നത്. ഇന്ന് പറയും നിങ്ങളെ ഞാൻ ദൈവത്തെ ആരാധിപ്പാൻ വിടാം ഇവിടുത്തെ ബാധകൾ ഒക്കെ മാറാൻ പ്രാർത്ഥിപ്പാൻ.... മോശെ ദൈവത്തോട് പ്രാർത്ഥിച്ച് എല്ലാം മാറുമ്പോൾ ഫറവോന്റെ മനസ്സും മാറും. ഇങ്ങനെയും ഉണ്ടോ ആൾക്കാർ ഫറവോൻ ആണു പോലും ഫറവോൻ..

പിന്നെയും പല അടയാളങ്ങളും ഞാൻ കണ്ടു കൽമഴ, വെട്ടുക്കിളി... ഇരുട്ട് വന്നപ്പോൾ ഞങ്ങൾക്കെല്ലാം വെളിച്ചം ഉണ്ടായിരുന്നു. ഫറവോന്റെ ആൾക്കാർക്ക് മൂന്നു ദിവസം വെളിച്ചമേ ഇല്ലായിരുന്നു. വെളിച്ചം ഇല്ലാത്തതുകൊണ്ട് ആൾക്കാർ ഒന്നും ഇരുന്നിടത്ത് നിന്ന് എഴുന്നേറ്റിട്ടു പോലുമില്ല. ഇതിന്റെ ഒക്കെ വല്ലോ കാര്യവും ഉണ്ടോ? ഫറവോനു യിസ്രയേല്യരെ അങ്ങ് വിട്ടാൽ പോരേ...? പോരാത്തതിന് ഫറവോൻ മോശെയോട് പറഞ്ഞു, ഇനി നീ എന്റെ മുഖം കാണരുത്, കണ്ടാൽ നീ മരിക്കും എന്ന്.... മോശെ പറഞ്ഞു അങ്ങനെ തന്നെ ആകട്ടെ എന്ന്. ഫറവോന്റെ കാര്യം ഓർത്ത് എനിക്ക് തന്നെ ചിരിവന്നു. ഞങ്ങളോടു കൂടെ ഉള്ള ദൈവം ആരാണ് എന്ന് ഫറവോൻ അറിയാൻ പോകുന്നതല്ലേ ഉള്ളൂ.

വല്ല്യ പെരുന്നാൾ വരുന്നു എന്ന് മോശെ പറയുന്നത് ഞാൻ കേട്ടു. പുളിപ്പില്ലാത്ത അപ്പം കഴിക്കണം. ആട്ടിൻ കുട്ടിയെ വേർതിരിക്കണം... ആട്ടിൻ കുട്ടിയുടെ രക്തം കട്ടളമേലും കുറുമ്പടിമേലും ഒക്കെ പുരട്ടണം. രാത്രിയിൽ സംഹാരകൻ വരും. ആരും നേരം വെളുക്കും വരെ വീടിന്റെ വെളിയിൽ ഇറങ്ങരുത്. രക്തം കാണുമ്പോൾ സംഹാരകൻ നമ്മുടെ ഭവനം ഒഴിഞ്ഞു പോകുമെന്ന്. ഇതൊക്കെ മോശെ ജനത്തോട് കല്പിക്കുന്നതും കേട്ടു ഞാൻ ഇങ്ങനെ ഇരുന്നു.

രാത്രി ഒരു കൂട്ടനിലവിളി കേട്ടാണ് ഞാൻ ഞെട്ടി ഉണർന്നത്. മിസ്രയീമ്യരുടെ എല്ലാ ആദ്യജാതന്മാരും മരിച്ചിരിക്കുന്നു. രാത്രി തന്നെ ഞങ്ങളെ ഫറവോൻ വിളിപ്പിച്ചു. ഫറവോൻ ആകെ മൊത്തം പേടിച്ചമട്ടാണ്. ദിവസങ്ങളായി ഞങ്ങൾ കേൾക്കാൻ ആഗ്രഹിച്ചിരുന്ന കാര്യം ഫറവോൻ പറഞ്ഞു, നിങ്ങളുടെ ദൈവത്തെ ആരാധിപ്പാൻ പൊയ്ക്കോളാൻ... മിസ്രയേയിലെ ജനങ്ങൾ എല്ലാം ഭയങ്കര ധൃതി പിടിക്കുവാണ്. വേഗം ഇവിടുന്ന് പോകാൻ ആണ്. അവളും പറയുന്നത്... അങ്ങനെ ഞങ്ങൾ കാത്തിരുന്ന ദിവസം വന്നെത്തി.. നീണ്ട 430 വർഷത്തിന് ശേഷം യിസ്രയേല്യർ വേറെ ഒരു ദേശത്തേയ്ക്ക് യാത്ര തിരിക്കയാണ്.

കുട്ടികളെ കൂടാതെ പുരുഷൻമാർ തന്നെ ആറു ലക്ഷം ഉണ്ട്.... ഹൊ.. ഇത്രയും ആൾക്കാർ ഇവിടെ ഉണ്ടായിരുന്നോ.. എന്ന് ഞാൻ അത്ഭുതപ്പെട്ടു പോയി..

ഇനി ഇപ്പോൾ ഞങ്ങൾ പോവല്ലെ... എന്നിലൂടെ ഉള്ള അടയാളങ്ങൾ എല്ലാം തീർന്നു കാണും എന്ന് വിചാരിച്ച് ജനം നടക്കുന്നത് നോക്കി മോശെയുടെ കൈയ്യിൽ സുരക്ഷിതനായി ഇരിക്കുകയാണ്.

ഞങ്ങൾ യാത്ര തുടരുകയാണ് അഗ്നിസ്തംഭവും മേഘസ്തംഭവും ഒക്കെ കണ്ട് ഞാൻ ഇങ്ങനെ അതിശയിച്ച് ഇരിക്കുകയാണ്. പെട്ടെന്ന് അതാ ഫറവോനും കൂട്ടരും ഞങ്ങളുടെ പിറകെ വരുന്നു. ഞങ്ങളുടെ മുൻപിൽ ചെങ്കടൽ ആണ് താനും .... ദൈവം ഇനി എന്താണ് ചെയ്യുന്നത് എന്ന് കാണാൻ ഞാൻ ആകാംക്ഷയോടെ ഇരിക്കയാണ്.... യിസ്രയേല്യരെല്ലാം മോശെയോട് പരാതി പറയുന്നു. ഞങ്ങളെ എന്തിനാണ് ഇങ്ങോട്ടു കൊണ്ടുവന്നത്... ഞങ്ങൾ മിസ്രയീമിൽ കിടന്ന് മരിക്കത്തില്ലായിരുന്നോ.... ഇത് കേട്ട് മോശെ അവരോട് പറഞ്ഞു ഭയപ്പെടേണ്ട ഉറച്ചു നിൽപ്പിൻ ഇന്നു കണ്ട മിസ്രയിമിനെ ഒരു നാളും കാണുകയില്ല യഹോവ നിങ്ങൾക്ക് വേണ്ടി യുദ്ധം ചെയ്യും... മിണ്ടാതെ ഇരിപ്പിൻ എന്ന്...

മുൾപ്പടർപ്പിൽ മുഴങ്ങിക്കേട്ട യഹോവയുടെ ശബ്ദം വീണ്ടും മോശെയോട് സംസാരിക്കുന്നത് ഞാൻ കേട്ടു. നിന്റെ കൈയിൽ ഇരിക്കുന്ന വടി എടുത്ത് നീട്ടി കടലിനെ വിഭാഗിക്ക എന്ന്.... ആ ശബ്ദം കേട്ടതും മോശെയുടെ കൈ എന്നെയും എടുത്ത് ഉയർന്നു.

അതാ എന്റെ കണ്ണുകളെ എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ല. ഹൊ എന്തൊരു വലിയ അത്ഭുതം .... മനസ്സിൽ പോലും ചിന്തിക്കാത്ത കാര്യം ബുദ്ധിയിൽ പോലും തെളിയാത്ത കാര്യം.... അതെ ചെങ്കടൽ രണ്ടായി വിഭാഗിക്കപ്പെട്ടിരിക്കുന്നു.... ഞങ്ങൾ ഉണങ്ങിയ നിലത്തുകൂടെ നടക്കുകയാണ്. ഞാൻ പുറകോട്ട് നോക്കിയപ്പോൾ ഞെട്ടി നിൽക്കുന്ന ഫറവോനെ ആണ് കാണുന്നത്.. പെട്ടെന്ന് ഞെട്ടൽ ഒക്കെ മാറി ഫറവോൻ ഞങ്ങളുടെ പിന്നാലെ രഥം പായിച്ച് വരുന്നുണ്ട്. പ്രഭാതം ആയപ്പോഴേക്കും ഞങ്ങൾ ഇക്കരെ എത്തി. യഹോവ അഗ്നിസ്തംഭത്തിൽ നിന്ന് അവരോട് യുദ്ധം ചെയ്തു. അവരുടെ രഥ ചക്രങ്ങളെ തെറ്റിച്ചു കളഞ്ഞു.

മിസ്രയീമ്യർ ഉറക്കെ നിലവിളിക്കുന്നുണ്ട്, നമുക്ക് യിസ്രയേല്യരെ വിട്ടോടി പോകാം. അവരുടെ യഹോവ അവർക്കുവേണ്ടി യുദ്ധം ചെയ്യുവാണ് എന്ന്... പെട്ടെന്ന് യഹോവയുടെ ശബ്ദം മുഴങ്ങി കേട്ടു. വീണ്ടും വടി എടുത്ത് വെള്ളത്തിന് നേരെ നീട്ടുക എന്ന്. യുദ്ധം ചെയ്യാൻ വന്ന ഫറവോനും കൂട്ടരും വെപ്രാളപ്പെട്ട് തിരിച്ച് ഓടുന്നതും നോക്കി നിന്ന എന്നെയും കൊണ്ട് മോശെയുടെ കരങ്ങൾ വീണ്ടും ഉയർന്നു. ചെങ്കടൽ പഴയപോലെ ആയി. ഫറവോനെയും കൂട്ടരെയും ഒന്നുപോലും ശേഷിക്കാതെ യഹോവ ചെങ്കടലിൽ മുക്കികളഞ്ഞു.

എന്നിലൂടെ ഉള്ള അത്ഭുതങ്ങൾ തീർന്നുപോയി എന്ന് വിചാരിച്ച് ഇരുന്നു. എനിക്ക് സന്തോഷം കൊണ്ട് തുള്ളിച്ചാടാൻ തോന്നി. ഇത് എന്റെ യാത്രയുടെ തുടക്കം മാത്രമാണല്ലോ. ഇത്ര വലിയ ദൈവത്തിന്റെ മക്കൾ ആണോ ഇവരൊക്കെ... ഏതായാലും ഇതിന്റെ ഒക്കെ ഒരു ഭാഗമാക്കാൻ സാധിച്ചല്ലോ. എന്നോർത്ത് ആവേശത്തോടെ അഭിമാനത്തോടെ ഞാൻ തല ഉയർത്തി നടന്നു. ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്നു പറഞ്ഞ ആ സർവ്വശക്തനായ ദൈവത്തിന്റെ ദാസനായ മോശെയോടുകൂടെ പുതിയ അത്ഭുതപ്രവർത്തികൾ കാണുവാനായി...



അഗ്മ ജനറൽ പ്രസിഡന്റ് ഡോ. ഡി. കുഞ്ഞുമോൻ പുരസ്കാരം നൽകുന്നു.

# ഡോ. എ.സി. ജോർജിനു അഗ്മ സാഹിത്യപുരസ്കാരം സമ്മാനിച്ചു

ബെംഗളുരു: ആറു ദശാബ്ദമായി സാഹിത്യരംഗത്ത് നൽകിയ സമഗ്ര സംഭാവനകൾക്ക് അസംബ്ളീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേഷൻ ഡോ. എ.സി. ജോർജിനു സാഹിത്യപുരസ്കാരം നൽകി ആദരിച്ചു. ആഗസ്റ്റ് 15 നു ബെംഗളുരു ന്യു ലൈഫ് കോളെജിൽ നടന്ന സമ്മേളനത്തിൽ അഗ്മ ജനറൽ പ്രസിഡന്റ് ഡോ. ഡി. കുഞ്ഞുമോൻ പുരസ്കാരദാനം നിർവ്വഹിച്ചു. വേദാധ്യാപകൻ, എഴുത്തുകാരൻ എന്നി നിലകളിൽ ഡോ. എ. സി. ജോർജ് ദൈവസഭക്ക് നൽകിയ സംഭാവനകൾ മഹത്തായതാണെന്നും, അസംബ്ളീസ് ഓഫ് ഗോഡ് സമൂഹത്തിനു അദ്ദേഹത്തിന്റെ സേവനങ്ങളെ ഒരിക്കലും വിസ്മരിക്കുവാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. സെക്രട്ടറി പാസ്റ്റർ ടി.വി. ജോർജുകുട്ടി അധ്യക്ഷത വഹിച്ചു. പാസ്റ്റർ സജി ചെറിയാൻ പ്രശംസപത്രം വായിച്ചു. പാസ്റ്റർ ഷാജി ആലുവിള പൊന്നാട അണിയിച്ചു. ഡോ. എ.സി. ജോർജ് മറുപടി പ്രഭാഷണം നടത്തി.

ഡോ. ജോൺ താന്നിക്കൽ അഗ്മ കർണ്ണാടക ചാപ്റ്റർ രൂപികരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. ജേക്കബ് ചെറിയാൻ മുഖ്യപ്രഭാഷണം നടത്തി. അഗ്മ കർണ്ണാടക ചാപ്റ്റർ ഭാരവാഹിളായി പാസ്റ്റർ എം. എ. വർഗീസ് (പ്രസിഡന്റ്), പാസ്റ്റർ തോമസ് സി. എബ്രഹാം (വൈസ് പ്രസിഡന്റ്), പാസ്റ്റർ റീജു തരകൻ (സെക്രട്ടറി), പാസ്റ്റർ സാബു ജി. (ജോ. സെക്രട്ടറി), പാസ്റ്റർ ജസ്റ്റീൻ തോമസ് (ട്രഷറർ), മനേഷ് ഡേവിഡ് (മീഡിയ കൺവീനർ), ചാണ്ടി വർഗീസ് (മെമ്പർ) എന്നിവരെ തെരഞ്ഞെടുത്തു. പാസ്റ്റർ പോൾ മാള സ്വാഗതവും പാസ്റ്റർ കെ.കെ. എബ്രഹാം കൃതജ്ഞതയും പറഞ്ഞു. അഗ്മ കർണ്ണാടക ചാപ്റ്റർ പ്രവർത്തനോദ്ഘടനം സെപ്തംബർ 18 നു ഹെബാൾ ബഥേൽ എ.ജി.യിൽ നടക്കും.



# പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ് ഐപിസി അരുണാചൽ പ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ്

കുമ്പനാട്: ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ അരുണാചൽ പ്രദേശ് സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ് നിയമിതനായി. അരുണാചൽപ്രദേശ് സ്റ്റേറ്റ് കൗൺസിലിന്റെ ആവശ്യപ്രകാരം ഐപിസി ജനറൽ കൗൺസിലാണ് അദ്ദേഹത്തെ നിയമിച്ചത്.

ഐപിസി നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റിജിയൻ കൗൺസിലംഗം, സൺഡേസ്കൂൾ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള പാസ്റ്റർ ആൽവിൻ ഡേവിസ് 2008 മുതൽ അരുണാചൽ പ്രദേശിൽ സുവിശേഷ പ്രവർത്തനത്തിൽ പങ്കാളിയാണ്.

ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നു പഠനം പൂർത്തിയാക്കിയ ഇദ്ദേഹം മർച്ചന്റ് നേവിയിൽ റേഡിയോ ഓഫീസറായി 10 വർഷം ജോലിചെയ്തു. 1990 മുതൽ മാള, നെടുമ്പാശ്ശേരി ഏരിയാ, വെസ്റ്റ് ബംഗാൾ, ഹൂബ്ലി എന്നിവിടങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചെന്നൈ അണ്ണാനഗറിൽ പാസ്റ്റർ കെ.കെ. കുരുവിളയുടെ മകൾ ഗ്രേസ് ആണ് ഭാര്യ. ഏകമകൾ: ജോയ്സ്.

# സിസ്റ്റർ അനു ചാക്കോ പി.സി.എൻ.എ.കെ നാഷണൽ ലേഡീസ് കോർഡിനേറ്റർ



ഫ്ളോറിഡ: 2019 ജൂലൈ 4 മുതൽ 7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന 37 മത് പി.സി.എൻ.എ.കെ കോൺഫ്രൻസിന്റെ നാഷണൽ ലേഡീസ് കോർഡിനേറ്ററായി സിസ്റ്റർ അനു ചാക്കോയെ (ന്യുയോർക്ക്) തിരഞ്ഞെടുത്തതായി നാഷണൽ കൺവീനർ റവ. കെ.സി.ജോൺ അറിയിച്ചു. പാസ്റ്റർ ജോർജ് പി. ചാക്കോയുടെ സഹധർമ്മണിയും ന്യുയോർക്ക് ക്രൈസ്റ്റ് അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവുമാണ് സിസ്റ്റർ അനു ചാക്കോ.

ദൈവസഭയുടെ വുമൺസ് മിനിസ്ടി ഡയറക്ടറായും, സണ്ടേസ്കൂൾ അദ്ധ്യാപകയായും പ്രവർത്തിക്കുന്ന സിസ്റ്റർ അനു ചാക്കോ, നോർത്ത് അമേരിക്കൻ അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പിന്റെയും ഈസ്റ്റേൺ റീജിയന്റെയും വനിതാ വിഭാഗം കോർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ അനു ചാക്കോ സോഷ്യൽ വർക്ക് സൂപ്പർവൈസറായി ജോലി ചെയ്യുന്നതിനോടൊപ്പം അമേരിക്കയിലും വിവിധ രാജ്യങ്ങളിലും ആത്മീയ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

പാസ്റ്റർ കെ.സി. ജോൺ ഫ്ളോറിഡ (നാഷണൽ കൺവീനർ), വിജു തോമസ് ഡാളസ് (നാഷണൽ സെക്രട്ടറി), ബിജു ജോർജ്ജ് കാനഡ, (നാഷണൽ ട്രഷറർ), ഇവാ. ഫ്രാങ്ക്ളിൻ ഏബ്രഹാം ഒർലാന്റോ (നാഷണൽ യൂത്ത് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണ സമിതിയാണ് 2019 ലെ മയാമി കോൺഫറൻസിനു നേതൃത്വം നല്കുന്നത്. മീഡിയ കോർഡിനേറ്റർ കുര്യൻ സഖറിയ അറിയിച്ചതാണിത്.

# റീമാ പുസ്തകമേള തിരുവല്ലയിൽ

## സെപ്റ്റംബർ 1 മുതൽ 29 വരെ

തിരുവല്ല: റീമാ പബ്ലീഷേഴ്സിന്റെ 20-ാം വാർഷിക ബൈബിൾ പുസ്തകമേള സെപ്റ്റംബർ 1 മുതൽ 29 വരെ പുഷ്പഗിരി റോഡിലുള്ള റീമാ ബുക്ക് ഹൗസിൽ നടക്കും. ഡയറക്ടർ റവ. സി.പി. മോനായിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ജലവിഭവവകുപ്പു മന്ത്രി മാത്യു ടി. തോമസ് ഉദ്ഘാടനം ചെയ്യും. തിരുവല്ല ഡവലപ്മെന്റ് സൊസൈറ്റി പ്രസിഡന്റ് അഡ്വ. വർഗീസ് മാമ്മൻ ആദ്യ വില്പന നിർവഹിക്കും. 10 പുതിയ പുസ്തകങ്ങളുടെ പ്രകാശനവും ഉണ്ടായിരിക്കും. ഒരുമാസം നീണ്ടുനില്ക്കുന്ന പുസ്തകമേളയിൽ പുസ്തകങ്ങൾക്ക് 50% വരെ ഡിസ്കൗണ്ട് ലഭിക്കും. റീമാ പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച 460-ലധികം ഗ്രന്ഥങ്ങൾക്കും പ്രത്യേക ഡിസ്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്.

വാർഷിക സമ്മേളനം തിരുവല്ലാ വൈഎംസിഎ ഹാളിൽ 29-ാം തീയതി ശനിയാഴ്ച നടക്കും. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ആത്മീയ നേതാക്കന്മാർ പങ്കെടുക്കും. 20-ാം വാർഷികത്തോടനുബന്ധിച്ച് വിവിധ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഒരു വർഷം നീണ്ടുനില്ക്കുന്ന വിവിധ പരിപാടികളും നടക്കും. സാഹിത്യ സമ്മേളനം, സാംസ്കാരിക സമ്മേളനം, ജേർണലിസം ക്ലാസ്, പുതിയ എഴുത്തുകാർക്കുള്ള പ്രത്യേക സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. റീമാലൈബ്രറി അംഗത്വം എടുക്കുവാനും പുതുക്കുവാനും അവസരമൊരുക്കിയിട്ടുണ്ട്. 9495614414

# അരുണാചൽ പ്രദേശിൽ മതപരിവർത്തന നിരോധനം പിൻവലിക്കുമെന്ന് മുഖ്യമന്ത്രി

ഇറ്റാനഗർ: അരുണാചൽ പ്രദേശിൽ മതപരിവർത്തന നിരോധന ബിൽ പിൻവലിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഹെൻറി ജയ്സ്വാസ് എന്ന കത്തോലിക്ക മിഷനറിയുടെ ചരമ വാർഷികത്തോടനുബന്ധിച്ച് കത്തോലിക്കസഭ സംഘടിപ്പിച്ച പ്രത്യേകയോഗത്തിൽ സംസാരിക്കുകയായിരുന്നു ബുദ്ധമതവിശ്വാസി കൂടിയായ മുഖ്യമന്ത്രി. മതപരിവർത്തനനിയമം നിരോധിക്കാൻ അടുത്ത നിയമസഭാസമ്മേളനത്തിൽ ബിൽകൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു.

മതനിരപേക്ഷ രാജ്യത്ത് ഇത്തരമൊരു നിയമത്തിന്റെ ആവശ്യത്തെക്കുറിച്ച് ചർച്ച് ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. മതനിരോധന നിയമത്തിന്റെ മറവിൽ ക്രൈസ്തവർക്കെതിരായി സംസ്ഥാനത്ത് അക്രമങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കൂടുതൽ പ്രതീക്ഷയ്ക്കു വക നൽകുന്നതായി സുവിശേഷവിഹിതർ കരുതുന്നു.

# ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കണം: ഐ.പി.സി. ഗ്ലോബൽ മീഡിയ അസോസിയേഷൻ

കുമ്പനാട്: പ്രകൃതി ദുരന്തത്തിൽ ദുരിതമനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിലേയും വിദേശങ്ങളിലേയും സഭകളും യുവജനപ്രസ്ഥാനങ്ങളും വ്യക്തികളും പങ്കെടുക്കണമെന്നും സഹായിക്കണമെന്നും ഐപിസിയിലെ മാധ്യമപ്രവർത്തകരുടെയും എഴുത്തുകാരുടെയും സംഘടനയായ ഐപിസി. ഗ്ലോബൽ മീഡിയ അസോസിയേഷന്റെ ആഗോള നിർവാഹക സമിതി അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ വിവിധ സെന്ററുകൾ വിവിധ പരിപാടികൾ മാറ്റി വെച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിൽ മീഡിയ അസോസിയേഷൻ അനുമോദിച്ചു. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ചില സഭകളും സംസ്ഥാന, സോണൽ, ഡിസ്ട്രിക്റ്റ്തല പിവൈപിഎ അംഗങ്ങളും പ്രവർത്തനങ്ങളിൽ സജീവമാണ്.

സഭാനേതൃത്വവും സെന്ററുകളും ഈ അടിയന്തിര സാഹചര്യം മനസിലാക്കി ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ദുരന്തത്തിനിരയായ സഭകളിലും വിശ്വാസികളുടെ വീടുകളിലും സഹായമെത്തിക്കാൻ അടിയന്തിര പദ്ധതികൾ തയ്യാറാക്കണമെന്നും ജനങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥനകൾ സംഘടിപ്പിക്കണമെന്നും മിഡിയ അസോസിയേഷൻ പത്രക്കുറിപ്പിലൂടെ ആവശ്യപ്പെട്ടു.

# സഹായം നൽകി

കോട്ടയം: പ്രളയക്കെടുതി അനുഭവിച്ച ഐപിസി വൈക്കം സെന്ററിലെ എഴുമാന്തുരുത്തിലെ 20 കുടുംബങ്ങൾക്ക് കൈതമറ്റം ബെഥേൽ പിവൈപിഎയുടെ നേതൃത്വത്തിൽ സഹായം നൽകി. ആഗസ്റ്റ് 24നു ആയാംകുടി ഐപിസി സഭയിൽ നടന്ന മീറ്റിംഗിൽ പാസ്റ്റർ രാജു ആനിക്കാട് അധ്യക്ഷത വഹിച്ചു. പാസ്റ്റർ പി. എ. ചാക്കോ, പാസ്റ്റർ വി.എം. സണ്ണി, ബെന്നി പുള്ളോലിക്കൽ, സജി നടുവത്ര, ചെറിയാൻ പി. കുരുവിള, ജെസ്റ്റിൻ ജേക്കബ് തുടങ്ങിയവർ സംസാരിച്ചു.

സഹായത്തിന്റെ ആദ്യഗഡു ആഗസ്റ്റ് 18നു ചങ്ങനാശേരി എസ്ബി കോളജിലെ ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്തു.

# പ്രതിദിന ധ്യാനപുസ്തകം പ്രസിദ്ധീകരിക്കുന്നു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ സണ്ടേസ്കൂളിന്റെ നേതൃത്വത്തിൽ സീനിയർ സണ്ടേസ്കൂൾ കുട്ടികൾ, അധ്യാപകർ, പാസ്റ്റർമാർ തുടങ്ങി സഭയിലെ മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ പ്രതിദിന ധ്യാനപുസ്തകം പ്രസിദ്ധീകരിക്കുന്നു.

365 ദിനങ്ങളിലേക്കുള്ള ധ്യാനസമാഹാരത്തിലേക്ക് ഈടുറ്റ ചിന്തകൾ ക്ഷണിക്കുന്നു. ഒന്നര പേജിൽ കവിയാതെ എഴുതിയിട്ടുള്ള ലേഖനങ്ങൾ താഴെയുള്ള ഇമെയിൽ അഡ്രസിലോ സെക്രട്ടറിയുടെ നമ്പറിലുള്ള വാട്സാപ്പിലേക്കോ (9847820405) അയയ്ക്കാവുന്നതാണ്. (ടൈപ്പ് ചെയ്ത് അയയ്ക്കുകയാണെങ്കിൽ ഒരു പേജിൽ കൂടാൻ പാടില്ല) സെപ്റ്റംബർ 30 നുള്ളിൽ രചനകൾ ലഭിക്കേണ്ടതാണ്. എഡിറ്റോറിയൽ ബോർഡ് പരിശോധിച്ച് പ്രസിദ്ധീകരണ യോഗ്യമായവ എഴുത്തുകാരുടെ പേരു സഹിതം പുസ്തകത്തിൽ ഉൾപ്പെടുത്തുന്നതാണ്. വിവരങ്ങൾക്ക്: പാസ്റ്റർ സജി ചാക്കോ 8592940536; sundayschool@gmail.com.

# ഒൻപതാമതു മെഗാ ബൈബിൾക്വിസ്

കുന്നംകുളം: യുണൈറ്റഡ് പെന്തെക്കോസ്തു ഫെലോഷിപ്പ് നടത്തുന്ന മെഗാ ബൈബിൾക്വിസിന്റെ പ്രാഥമിക പരീക്ഷ നവംബർ നാലിനും ഫൈനൽ പരീക്ഷ ജനുവരി 26 നും നടക്കും. ഇയ്യോബിന്റെ പുസ്തകവും മർക്കൊസിന്റെ സുവിശേഷവുമാണ് പഠനഭാഗങ്ങൾ. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ബൈബിൾ അടിസ്ഥാനമായിരിക്കും ചോദ്യങ്ങൾ. കേരളത്തിന്റെ വിവിധ ജില്ലകളിൽ പ്രാഥമികറൗണ്ട് മത്സരം നടക്കും. രജിസ്ട്രേഷൻ ഫീസ് 50 രൂപ. ഒന്നാംസ്ഥാനത്തിന് പതിനായിരംരൂപയും റോളിംഗ് ട്രോഫിയും കൂടാതെ പ്രത്യേക ട്രോഫിയും രണ്ടാം സ്ഥാനം 6000 രൂപയും ട്രോഫിയും മൂന്നാം സ്ഥാനം 5000 രൂപയും ട്രോഫിയും നാലാം സ്ഥാനം 1500 രൂപ തുടങ്ങി 40 സ്ഥാനംവരെ നേടുന്നവർക്ക് ക്യാഷ് അവാർഡ് ലഭിക്കും. ഫൈനൽ റൗണ്ട് കുന്നംകുളത്തു നടക്കും. പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർ 7025442444, 9846619172 എന്നീ നമ്പരുകൾ ബന്ധപ്പെടാവുന്നതാണ്.

# ഐപിസി മീഡിയ അസോസിയേഷൻ നോർത്ത് അമേരിക്കൻ റീജിയൻ ഭാരവാഹികൾ

ഡാളസ്: ഐപിസിയിലെ എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും ഏകോപനസമിതിയായ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷന്റെ വടക്കേ അമേരിക്കൻ റീജിയണിന്റെ പ്രാഥമികസമ്മേളനം ഡാളസിൽ നടന്നു. 16–ാമതു ഐപിസി ഫാമിലി കോൺഫ്രൻസിന്റെ ഭാഗമായാണു സമ്മേളനം സംഘടിപ്പിച്ചത്.

പ്രകെ.എം. ഈപ്പൻ (രക്ഷാധികാരി), ജോർജ്ജ് മത്തായി സി.പി.എ (പ്രസിഡന്റ്), രാജൻ ആര്യപ്പള്ളിൽ (വൈസ് പ്രസിഡന്റ്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), ജോയി തുമ്പമൺ, പാസ്റ്റർ തോമസ് മുല്ലയ്ക്കൽ (ജോയിന്റ് സെക്രട്ടറിമാർ), ടിജു തോമസ് (ട്രഷറർ), നിബു വെള്ളവന്താനം (പബ്ലിസിറ്റി കോർഡിനേറ്റർ), സാം മാത്യു, രാജു തരകൻ, ജെയിംസ് മുളവന, ബൈജു യാക്കോബ് ഇടവിള, പാസ്റ്റർ തോമസ് കുര്യൻ, ഡോ. ബാബു തോമസ്, എസ്.പി. ജെയിംസ്, സാം ടി. ശാമുവേൽ, സാം വർഗീസ്, പാസ്റ്റർ എബി ബെൻ, ടോം വർഗീസ്, എബി ഏബ്രഹാം എന്നിവരടങ്ങുന്ന ഭരണസമിതിയെ തിരഞ്ഞെടുത്തു.

കെ.എം. ഈപ്പൻ പ്രവാസലോകത്തിൽ മലയാള ഭാഷയുടെ പ്രചരണത്തിനും വളർച്ചയ്ക്കും സുവിശേഷ വ്യാപ്തിക്കായി 26 വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച മലയാള വാർത്താ വാരികയായ കേരളാ എക്സ്പ്രസിന്റെ ചീഫ് എഡിറ്റർ ആണ്. പ്രസിഡന്റ് ജോർജ്ജ് മത്തായിക്ക് സാഹിത്യപ്രവർത്തനങ്ങളിൽ 51 വർഷത്തെ പരിചയമുണ്ട്. ഇന്ത്യാ എബ്രോഡ് എന്ന വാർത്താ പത്രത്തിന്റെ പ്രഥമപത്രാധിപരായും മാസ്റ്റേഴ്സ് വോയ്സ്, ദി ലിവിംഗ് വിറ്റ്നസ് തുടങ്ങി അനുകാലിക ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായും പ്രസാധകനായും പ്രവർത്തിച്ചിട്ടുണ്ട്. ക്രൈസ്തവ ചലച്ചിത്രമായ 'ഉപദേശിയുടെ മകൻ' അദ്ദേഹത്തിന്റെതാണ്. രാജൻ ആര്യപ്പള്ളിൽ അറിയപ്പെടുന്ന ക്രിസ്തീയ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമാണ്. ബിലീവേഴ്സ് ജേർണൽ എന്ന ക്രിസ്തീയ പത്രത്തിന്റെ ചെയർമാനായി പ്രവർത്തിക്കുന്നു.

പാസ്റ്റർ റോയി വാകത്താനം ഗുഡ്ന്യൂസ് വീക്കിലിയിലൂടെയാണു നാലു പതിറ്റാണ്ടുകൾക്കു മുൻപ് ക്രിസ്തീയ മാധ്യമ പ്രവർത്തനരംഗത്ത് എത്തിയത്. ഐപിസിയുടെ പുത്രികാ സംഘടനകളുടെ സെന്റർ–സംസ്ഥാന തലങ്ങളിൽ നേതൃത്വ സ്ഥാനം വഹിച്ചശേഷം, ന്യൂയോർക്ക് പിവൈഎഫ്എ പ്രസിഡന്റ്, കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം പ്രവർത്തനങ്ങളുടെ പ്രാരംഭ പ്രവർത്തകൻ എന്നീ നിലകളിലും പ്രവർത്തിച്ചു. വാഖ്യാനഗ്രന്ഥങ്ങളുടെ രചയിതാവ് കൂടിയായ റോയി വാകത്താനം ഗുഡ്ന്യൂസ് വാരികയുടെ വിദേശകാര്യലേഖകനായും പ്രവർത്തിക്കുന്നു. ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ടിജു തോമസിന് 1997 ൽ പെന്തെക്കോസ്തൽ പ്രസ് അസോസിയേഷന്റെ ന്യൂസ് സ്റ്റോറിക്കുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

*സാം മാത്യു, ഡാളസ്*

# പ്രളയത്തിൽ 90 വയസ്സുള്ള മാതാവ് മരണമടഞ്ഞു

പാണ്ടനാട്: പാണംതറയിൽ പരേതനായ തോമസ് വർഗീസിന്റെ സഹധർമിണി റ്റിപിഎം സഭാംഗം ഏലിയാമ്മ തോമസ് (90) വെള്ളപ്പൊക്കത്തിൽ മരണമടഞ്ഞു. വാർധക്യസഹജമായ രോഗത്താൽ താൻ ചില ആഴ്ചകളായി കിടപ്പിലായിരുന്നു. ആഗസ്റ്റ് 16 നു ഉച്ചയോടുകൂടി വീട്ടിൽ വെള്ളംകയറാൻ തുടങ്ങി. സൗദിയിൽ ജോലിയിലായിരുന്ന തന്റെ ഇളയമകൻ മോനച്ചന്റെ ഭാര്യ ബ്ലസിയും ആറുവയസ്സുള്ള മകൾ ഹന്നയും ജോലിക്കാരി മിനിയുമാണ് വീട്ടിലുണ്ടായിരുന്നത്. ഫോണിൽക്കൂടിയും മറ്റും സഹായഭ്യർഥന ചെയ്തെങ്കിലും ജലനിരപ്പ് ഉയർന്നുകൊണ്ടിരുന്നതിനാൽ ആരും സഹായത്തിനെത്തിയില്ല. കട്ടിൽനിരപ്പിലെത്തിയപ്പോൾ ബ്ലസിയും മിനിയുംകൂടി ഡൈനിംഗ് ടേബിളിന്റെ മുകളിൽ കട്ടിലിട്ട് അതിൽ എടുത്തുകിടത്തി. വീണ്ടും ജലനിരപ്പ് ഉയരുകയും മാതാവ് മരിക്കുകയുമായിരുന്നു.

കട്ടിലിനു മുകളിൽ കയറിനിന്ന ബ്ലസിയുടെയും മിനിയുടെയും കഴുത്തിനു മുകളിൽ വെള്ളമായി. ഹന്നായെ ബ്ലസിയും മിനിയും മാറിമാറി തോളിൽ എടുത്തിരുത്തി. വെള്ളിയാഴ്ച പകൽ രക്ഷാപ്രവർത്തകർ വള്ളത്തിലെത്തി തണുത്തുമരവിച്ചിരുന്ന മൂന്നുപേരെയും രക്ഷപ്പെടുത്തി.

കായംകുളത്ത് റ്റിപിഎം സഭാംഗമായ വേണാട്ടുശേരിൽ അനിയൻകുഞ്ഞിന്റെ ഭാര്യയും തന്റെ മകളുമായ സൂസമ്മയുടെ ഭവനത്തിൽ മൃതശരീരം കൊണ്ടുവരികയും സഭാസെമിത്തേരിയിൽ പാസ്റ്റർ തരിയൻ ജോണിന്റെ ശുശ്രൂഷയിൽ സംസ്കരിക്കയും ചെയ്തു. പരേത കടമ്പനാട് നാലുപറയിൽ കുടുംബാംഗമാണ്.

VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE

Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281

## നിത്യതയിൽ



റാന്നി: കണ്ടംപേരൂർ പണിക്കരു വീട്ടിൽ പരേതരായ പാസ്റ്റർ പി.റ്റി. ചെറിയാന്റെയും കുഞ്ഞമ്മ ചെറിയാന്റെയും മകൻ ഫിലിപ്പോസ് ചെറിയാൻ (തമ്പി – 66) നിത്യതയിൽ ചേർക്കപ്പെട്ടു. കണ്ടംപേരൂർ മേലുകര കുടുംബാംഗമായ ഓമന ആണ് ഭാര്യ.

മക്കൾ: ക്രിസ്സോസ്റ്റ്, ക്രിസ്റ്റി, ക്രിസ്റ്റീനാ. മരുമക്കൾ: ബ്ലെസി, മേഴ്സി, ഷിബു വാലേൽ

സംസ്കാര ശുശ്രൂഷ ആഗസ്റ്റ് 30നു വ്യാഴാഴ്ച ഐപിസി താബോർ നെല്ലിക്കമൺ സഭ സെമിത്തേരിയിൽ നടത്തി.

# സുവിശേഷയോഗവും സംഗീതവിരുന്നും

പാലക്കാട്: കരിമ്പ ഐപിസി ശാലേം ചർച്ചിന്റെ ആഭിമുഖ്യത്തിൽ സുവിശേഷയോഗവും സംഗീതവിരുന്നും സെപ്റ്റംബർ 20–22 വ വരെ പനയമ്പാടം യുപി സ്കൂളിനു സമീപം ഐപിസി ഗ്രൗണ്ടിൽ നടക്കും. എല്ലാദിവസവും വൈകിട്ട് 5.30 നു പൊതുയോഗം, വെള്ളി, ശനി രാവിലെ 10 നു ബൈബിൾക്ലാസ്, പാസ്റ്റർ സണ്ണി കുര്യൻ, പാസ്റ്റർ ബാബു ചെറിയാൻ എന്നിവർ പ്രസംഗിക്കും. മിസ്പ വോയ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ പി. ഏബ്രഹാം, പി.സി. ജോസ്, തോമസ്കുട്ടി ചാക്കോ എന്നിവർ നേതൃത്വം നൽകും.

# പാസ്റ്റർ എൻ. സ്റ്റീഫൻ

(1–ാം പേജ് തുടർച്ച)

കൺവൻഷനിൽ പങ്കെടുക്കുവാൻ ഡപ്യൂട്ടി ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യുവിനൊടൊപ്പം ബ്രിക്സ്റ്റണിൽ എത്തിയപ്പോഴായിരുന്നു രോഗം മൂർച്ഛിച്ചത്. 1979ൽ ടിപിഎം സഭയുടെ സുവിശേഷകനായിത്തീർന്ന ഇദ്ദേഹം 2015–ൽ അന്തരിച്ച ചീഫ് പാസ്റ്റർ വെസ്ലി പീറ്ററിന്റെ ഒഴിവിലേക്കാണ് സേലം സ്വദേശിയായ പാസ്റ്റർ സ്റ്റീഫനെ നിയമിച്ചത്. കഴിഞ്ഞ 39 വർഷം തമിഴ്നാട്ടിലെ വിവിധയിടങ്ങളിലും, അമേരിക്ക, ആൻഡമാൻസ്, ശ്രീലങ്ക എന്നിവിടങ്ങളിൽ സഭയുടെ സുവിശേഷപ്രവർത്തകനായും കേരളമുൾപ്പടെ വിദേശ രാജ്യങ്ങളിലെ സഭയുടെ കൺവൻഷൻ പ്രസംഗകനമായിരുന്നു.

തൃശൂർ ജില്ലയിലെ ഏങ്ങണ്ടിയൂരിൽ ജനിച്ച രാമൻകുട്ടി എന്ന പാസ്റ്റർ പോൾ 1924ൽ ശ്രീലങ്കയിൽ സിലോൺ പെന്തെക്കോസ്ത് മിഷൻ എന്ന പേരിൽ സ്ഥാപിച്ച സഭയാണ് ഇന്ന് ദി പെന്തെക്കോസ്ത് മിഷൻ എന്ന പേരിലറിയപ്പെടുന്നത്. 65 രാജ്യങ്ങളിലായി ലക്ഷക്കണക്കിനു വിശ്വാസികൾ ഇന്നു സഭയ്ക്കുണ്ട്.

സഭയുടെ കേരളത്തിലെ ആസ്ഥാന മന്ദിരം കൊട്ടാരക്കരയിലും ഇന്ത്യയിൽ ചെന്നൈ ഇരുമ്പല്ലിയൂരിലും ശ്രീലങ്കയിൽ മട്ടക്കുളിയിലും അമേരിക്കയിൽ ന്യൂയോർക്കിലുമാണ്.



## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# ടിപ്പർലോറികൾ

കേരളത്തിന്റെ നിരത്തിലൂടെ ഓടുന്ന ടിപ്പർലോറികൾ ജനങ്ങൾക്കു ഭയമായിരുന്നു. എത്രയെത്ര വഴിയാത്രക്കാരുടെ ജീവനെടുത്ത വാഹനം. ഇരുചക്രവാഹനയാത്രക്കാരായ നിരവധി ചെറുപ്പക്കാരുടെ ജീവനെടുത്ത വില്ലനാണവൻ. ജനങ്ങൾ വെറുക്കുകയും പേടിക്കുകയും ചെയ്ത 'ആളെക്കൊല്ലി' വാഹനം, കഴിഞ്ഞദിവസം അനേകരുടെ രക്ഷകനായി തലങ്ങും വിലങ്ങും ഓടി...

പ്രളയക്കെടുതിയിൽ ജനങ്ങൾ വലഞ്ഞ ആ ഞായറാഴ്ച രാവിലെ ഞങ്ങളുടെ വണ്ടിയിൽ കാവുംഭാഗംവരെ പോയി. പിന്നെ മുൻപോട്ടു വാഹനങ്ങൾ കടത്തിവിടുന്നില്ല. നല്ല ഒഴുക്ക്, ചെറുവഞ്ചികൾ റോഡിലൂടെ പോകും. ഞങ്ങൾക്ക് മുൻപോട്ടു പോയേ പറ്റൂ. ചില രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുകയും ചില പ്രവർത്തകരെ കണ്ടെത്തേണ്ടതായുമുണ്ട്. വാഹനങ്ങൾ ഓടാൻകഴിയാത്ത നിരത്തുകളിൽ രക്ഷാപ്രവർത്തനത്തിനായി നാട്ടുകാർ തിരഞ്ഞെടുത്ത വാഹനമായിരുന്നു 'ടിപ്പർലോറികൾ.' ഒഴുക്കുള്ള വെള്ളത്തിൽ, അരയറ്റം പൊങ്ങിയ വെള്ളത്തിൽ അനായാസം മുൻപോട്ടുപോകുന്ന ടിപ്പർലോറിയിൽ ഞങ്ങൾ വലിഞ്ഞുകയറി. ഇത്രയും ഉയരമുള്ള ലോറിയിൽ എങ്ങനെ കയറിപ്പറ്റിയെന്ന് ഇപ്പോൾ ചിന്തിക്കുമ്പോൾ അത്ഭുതം തോന്നുന്നു.



ദുരന്തമേഖലയിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും ആഹാരസാധനങ്ങളും മറ്റ് അത്യാവശ്യസാധനങ്ങളും എത്തിക്കാനും ടിപ്പർലോറികൾ മുഖ്യപങ്കുവഹിച്ചു. നാം വെറുത്തവാഹനം ഇപ്പോൾ രക്ഷകനായിവന്നു.

മത്സ്യത്തൊഴിലാളികൾക്കു നാം വേണ്ടപരിഗണന നൽകിയിട്ടില്ല. കടലിനോടു മല്ലടിച്ച് നമുക്കു മീൻപിടിച്ചുതരുന്നു എന്നതിലപ്പുറം അവരൽനിന്നു നാം ഒന്നും പ്രതീക്ഷിച്ചിട്ടില്ല. കറുപ്പിനോട് പണ്ടേ നമുക്ക് വിരക്തിയായിരുന്നല്ലോ? അവർക്ക് അവരുടെ ലോകം നമുക്ക് നമ്മുടെ ലോകം. മനോഹരമായ സൗധങ്ങൾ കെട്ടിപ്പൊക്കി, ചുറ്റുമതിലിന്റെ ഉയരംകൂട്ടി, ബലിഷ്ഠമായ ഇരുമ്പുഗേറ്റും നിർമിച്ച്, "വീട്ടിൽ പട്ടിയുണ്ട്" എന്ന ബോർഡും തൂക്കി നാം സുരക്ഷിതരായിരുന്നു. വീടിനുചുറ്റും സിസിറ്റിവി ക്യാമറയും ഫിറ്റുചെയ്തു. 'ഇനി എനിക്കാരുടെയും ആവശ്യമില്ല' എന്ന അഹങ്കാരമായിരുന്നു മനുഷ്യന്.

ഒന്ന് ഇരുട്ടിവെളുത്തപ്പോൾ എല്ലാം തകിടംമറിഞ്ഞു; നാം ചിന്തിക്കുന്നതുപോലെയൊന്നുമല്ല, ദൈവത്തിന്റെ വികൃതി. ആരോ ഫെയ്സ്ബുക്കിൽ കുറിച്ചതുപോലെ, "ഹെല്ക്കോപ്റ്റർ വാങ്ങാൻ ശേഷിയുള്ളവൻ ചരുവത്തിലും, ചരുവം വാങ്ങാൻ ശേഷിയില്ലാത്തവൻ ഹെലിക്കോപ്റ്ററിലും കയറി രക്ഷപ്പെട്ടു." പ്രകൃതിയുടെ വികൃതി! ദുരന്തം നമ്മെ പഠിപ്പിച്ച ഒന്നാമത്തെ പാഠം: 'ആരെയും നിസാരന്മാരായി കാണരുത്.'

ഒരുപാഠം മാത്രമല്ല, ആയിരംപാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അതിൽ ഒന്നാം പാഠം മുതൽ നമുക്ക് പഠിക്കാം. നാം പലർക്കും കല്പിച്ചിട്ടുള്ള വിലയല്ല ദൈവം നിശ്ചയിച്ചിട്ടുള്ളത്. ഒഴുക്കുവെള്ളത്തിൽ, വള്ളിപൊട്ടിയ ചെരുപ്പിന്റെ മുകളിൽ കയറി രക്ഷപ്പെടുന്ന രണ്ട് പക്ഷിക്കുഞ്ഞുങ്ങളുടെ ചിത്രം നാം കണ്ടിട്ടുണ്ട്. ചവിട്ടിത്തേച്ച്, വള്ളിപൊട്ടി നാം ഉപയോഗിച്ച ശേഷം വലിച്ചെറിഞ്ഞ ചെരുപ്പുപോലും ചിലതിന്റെയെങ്കിലും ജീവൻ രക്ഷിക്കാൻ ദൈവം ഉപയോഗിക്കും. അഹങ്കരിക്കരുതു മനുഷ്യാ. ജാതിയുടെയും മതത്തിന്റെയും കുലത്തിന്റെയും നിറത്തിന്റെയും പേരിൽ ആരെയും വിലയിരുത്താനോ, അകറ്റിനിർത്താനോ ശ്രമിക്കുമ്പോഴുള്ള ഒന്നാം പാഠമാണ് പ്രളയം.

# CHRISTIAN WORLD

വില രൂ. 10/- Vol: 13 Issue No: 9 2018 September 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ



Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com



REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2018-2020
POSTED ON 5TH OF EVERY MONTH
AT RMS KOLLAM


## പ്രളയ ബാധിതർക്ക് ആതുരസേവനവുമായി കുമ്പനാട് സെന്റർ പിവൈപിഎ

കുമ്പനാട്: സെന്റർ പിവൈപിഎയും അന്താരാഷ്ട്ര സംഘടനയായ അമെരികെയർസും ചേർന്ന് പത്തനംതിട്ട ജില്ലയുടെ 20 പ്രളയബാധിത പ്രദേശങ്ങളിൽ ആഗസ്റ്റ് 30 – സെപ്റ്റംബർ 10 വരെ മെഡിക്കൽ ക്യാംപ് നടത്തും. ഡോ. അലക്സാണ്ടർ തോമസ്, ഡോ. ടി. ജോർജ് തോമസ് എന്നിവർ ക്യാംപുകളിൽ രോഗികളെ പരിശോധിച്ചു ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകും. പ്രളയശേഷം പിടിപെടാൻ സാധ്യതയുള്ള പകർച്ചവ്യാധികളിൽ നിന്നും ജനങ്ങൾ മുക്തി നേടുന്നതിന് ഈ ക്യാംപുകൾ ഗുണകരമാകുമെന്നു സെന്റർ പിവൈപിഎ പ്രസിഡന്റ് പാസ്റ്റർ ബ്ലസൻ കുഴിക്കാല അറിയിച്ചു.

നുകത്തല, നെല്ലിമല, തട്ടയ്ക്കാട്, കൊച്ചുപറമ്പ്, കരീലമുക്ക്, മീനാറംകുന്ന്, ആറാട്ടുപുഴ, ഇടയാറന്മുള, ആറന്മുള, കുറിച്ചിമുട്ടം, എഴിക്കാട്, കുറുന്താർ, കാഞ്ഞിരവേലി, പരുമൂട്ടിൽ പടി, ചെറുകോൽപ്പുഴ എരുമക്കാട്, കുന്നത്തുംകര, അംബേദ്കർ ജങ്ഷൻ, പൂതക്കുഴി, കുഴിക്കാല എന്നിവിടങ്ങളിലാണ് ക്യാംപുകൾ നടക്കുന്നത്.

## ദുരിതാശ്വാസ പ്രവർത്തനം

മല്ലപ്പള്ളി: കഴിഞ്ഞ ഏഴു ദിവസം തുടർച്ചയായി പത്തനംതിട്ട, ആലപ്പുഴ ജില്ലയുടെ ഉൾനാടൻ പ്രദേശങ്ങളിൽ സഹായം എത്തിച്ചു. മല്ലപ്പള്ളി സെന്ററിലെ വിവിധ സഭകളിലെ പിവൈപിഎ പ്രവർത്തകർ ഒന്നിച്ചു മുന്നിട്ടിറങ്ങിയാണ് സഹായം എത്തിച്ചത്. സെന്ററിലെ വാരിക്കാട് സഭയിലെ പിവൈപിഎ പ്രവർത്തകർ ജലപ്രളയ രക്ഷാപ്രവർത്തനത്തിനും മുന്നിട്ടിറങ്ങിയിരുന്നു. യുവജന ക്യാംപ് മാറ്റിവെച്ച് ആ തുകകൊണ്ട് ദുരിതമനുഭവിക്കുന്നർക്കു സഹായം നൽകി വരുന്നു. ബ്ലെസൻ മാത്യു, ജെറിൻ ഈപ്പൻ, പാസ്റ്റർമാരായ റിജോ തോമസ്, കെ. എൻ. യേശുദാസ്, ജിജി മാമ്മൂട്ടിൽ, സാജൻ ഏബ്രഹാം, ജോയൽ മാത്യു, ബിനോയ് ഏബ്രഹാം, സിജോ ജോയ്, സുമി മാത്തുക്കുട്ടി, ലിബിൻ മുണ്ടിയപ്പള്ളി, രഘു കുമാർ എന്നിവർ ഒരാഴ്ചത്തെ പ്രവത്തനത്തിനു നേതൃത്വം നൽകി.

## പത്രക്കറിപ്പ്

### ഐപിസിക്ക് എതിരായി സമൂഹ,അച്ചടി മാധ്യമങ്ങളിലൂടെ തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നു

കുമ്പനാട്: കഴിഞ്ഞ ചില നാളുകളായി സാമൂഹിക, അച്ചടി മാധ്യമങ്ങളിലൂടെ ഐപിസി എഫ്സിആർഎ അക്കൗണ്ട് റദ്ദാക്കിയതിനെക്കുറിച്ച് വ്യാജമായ വാർത്തകൾ അച്ചടിച്ചും, സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഇതു വിശ്വാസസമൂഹത്തിൽ തെറ്റായ ധാരണകൾ സൃഷ്ടിക്കുകയും സഭയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ല എന്ന തെറ്റായ വിവരങ്ങൾ എത്തിച്ചുകൊണ്ടുമിരിക്കുന്നു.

ദൈവസഭയെ സ്നേഹിക്കുകയും പ്രാർഥിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്യുന്ന വിശ്വാസസമൂഹത്തിന്റെ അറിവിലേക്ക് എഴുതുന്നു. ഐപിസി സഭയുടെ എഫ്സിആർഎ അക്കൗണ്ട് നാളിതുവരെയും റദ്ദാക്കുകയോ മരവിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിച്ച്, പ്രവർത്തനങ്ങൾ ദൈവകൃപയാൽ നടന്നുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ ജനുവരിയിൽ എഫ്സിആർഎ ഉദ്യോഗസ്ഥന്മാർ നമ്മുടെ സഭാആസ്ഥാനത്തുവന്ന് 2011 മുതൽ 2017 വരെയുള്ള 7 വർഷങ്ങളിലെ കണക്കുകൾ സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കുകയും എഫ്സിആർഎ ഉന്നയിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ തെളിവുകൾ സഹിതം മറുപടി നൽകിയിട്ടുമുണ്ട്.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ എഫ്സിആർഎ അക്കൗണ്ടിലൂടെയുള്ള സഹായത്താൽ നടത്തിപ്പോരുന്നു. ഐപിസി ദൈവസഭയുടെ കൗൺസിൽ അംഗങ്ങളും എക്സിക്യൂട്ടീവ്സും യാതൊരു പ്രതിഫലേച്ഛയും കൂടാതെ ദൈവസഭയുടെ ഉന്നമനത്തിനായി സ്വന്ത പ്രയത്നത്തിലൂടെയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവർക്കെതിരെയും സാമ്പത്തിക തിരിമറി നടത്തിയെന്നു പറഞ്ഞ് ദുഷ്പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു.

ദൈവജനം മേൽപ്രസ്താവിച്ചിരിക്കുന്ന അടിസ്ഥാനരഹിതവും ദൈവജനത്തിന്റെ ഇടയിൽ തെറ്റിദ്ധാരണ പരത്തുന്നതുമായ ആരോപണങ്ങൾ നിഷേധിക്കുവാനും ഐപിസി സഭയ്ക്കെതിരായും ദൈവദാസന്മാർക്കും മുൻനിരയിൽ നിന്നു പ്രവർത്തിക്കുന്ന വ്യക്തികൾക്കും എതിരായി കിംവദന്തികൾ പ്രചരിപ്പിക്കുന്നതു തികച്ചും തെറ്റാണ് എന്നു ജനറൽ ട്രഷറർ സജി പോൾ പത്രക്കുറിപ്പിൽ അറിയിക്കുന്നു.

ഐപിസി സഭയ്ക്കെതിരായും ദൈവദാസന്മാർക്കെതിരായും ദുഷ്പ്രചാരണം നടത്തുന്ന വ്യക്തികളുടെ പിന്നിൽ പ്രവർത്തിക്കുന്ന ദുഷ്ടശക്തികളുടെ പ്രവർത്തനത്തെ തിരിച്ചറിയുക. ദൈവസഭയുടെ വളർച്ചയ്ക്കും ഐക്യതയ്ക്കുമായി പ്രാർഥിക്കാം, പ്രവർത്തിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*എന്ന് ജനറൽ ട്രഷറർ*
*സജി പോൾ*
*+97455019646*

## ഐപിസി കുടുംബസംഗമം ഫ്ളോറിഡയിൽ

ഒർലാന്റോ: പതിനേഴാമതു നോർത്തമേരിക്കൻ ഐപിസി കുടുംബ സംഗമം 2019 ജൂലൈ 25 – 28 വരെ അമേരിക്കയിലെ 'കൊച്ചുകേരളം' എന്നറിയപ്പെടുന്ന ഫ്ളോറിഡയിലെ ഒർലാന്റോ പട്ടണത്തിൽ നടക്കും. ഡബിൾ ട്രീ ഹിൽട്ടൻ ഹോട്ടൽ സമുച്ചയമാണ് കോൺഫ്രൻസിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

ദേശീയ ഭാരവാഹികളായി പാസ്റ്റർ ആന്റണി റോക്കി (ചെയർമാൻ), സി.എം. ഏബ്രഹാം (സെക്രട്ടറി), ജോൺസൺ ഏബ്രഹാം (ട്രഷറർ), ഫിൻലി വർഗീസ് (യൂത്ത് കോർഡിനേറ്റർ), ജെസ്സി മാത്യു (ലേഡീസ് കോർഡിനേറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

പാസ്റ്റർ ആന്റണി റോക്കി, ലേക്ക്ലാന്റ് ഐപിസി സഭയുടെ അസോസിയേറ്റ് പാസ്റ്ററാണ്. പുനലൂർ ബെഥേൽ ബൈബിൾ കോളേജിൽ നിന്നും വേദപഠനം പൂർത്തിയാക്കിയതിനു ശേഷം ഇന്ത്യയിലെയും അമേരിക്കയിലെയും വിവിധ ദൈവസഭകളിൽ ശുശ്രൂഷകനായും, ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭയുടെ സീനിയർ ശുശ്രൂഷകനായും പ്രവർത്തിച്ചിട്ടുണ്ട്.

സി.എം. ഏബ്രഹാം അമേരിക്കയിലെ ആദ്യ മലയാളി പെന്തെക്കോസ്ത് സഭയായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭയുടെ സജീവാംഗമാണ്. എംടിഎ. സർവീസിൽ ജോലി നിർവഹിക്കുന്നതിനോടൊപ്പം വിവിധ മിഷൻ – ചാരിറ്റി പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നു.

ജോൺസൻ ഏബ്രഹാം ഡാളസ് ഹെബ്രോൻ ഐപിസി സഭയുടെ സജീവ പ്രവർത്തകനാണ്. കാൽനൂറ്റാണ്ടിലധികമായി അമേരിക്കയിൽ നടത്തപ്പെടുന്ന വിവിധ ആത്മീയ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്. ഐപിസി ഫാമിലി കോൺഫ്രൻസിന്റെ യൂത്ത് കോർഡിനേറ്ററായും മിഡ് വെസ്റ്റ് റീജിയൻ പിവൈപിഎ യുവജന സംഘടനയുടെ പ്രസിഡന്റായും പിസിഎൻഎകെ കോൺഫ്രൻസിന്റെ നാഷണൽ ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്.

ലേക്ക്ലാന്റ് ഐപിസി സഭാംഗം ഫിൻലി വർഗീസാണ് യൂത്ത് കോർഡിനേറ്ററായി തിരഞ്ഞെടുക്കപ്പെട്ടത്. ഫ്ളോറിഡ സൗത്ത് ഈസ്റ്റ് യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ സയൻസിൽ ബിരുദ വിദ്യാർഥിയാണ്. 16–ാമതു ഐപിസി ഫാമിലി കോൺഫ്രൻസിന്റെ സെൻട്രൽ ഫ്ളോറിഡ പ്രതിനിധിയായിരുന്നു.

സഹോദരി വിഭാഗം കോർഡിനേറ്ററായി തിരഞ്ഞെടുത്ത സിസ്റ്റർ ജെസ്സി മാത്യു, പാസ്റ്റർ ബെന്നി മാത്യുവിന്റ സഹധർമിണിയും ടൊറന്റോ യുണൈറ്റഡ് ക്രിസ്ത്യൻ പെന്തെക്കോസ്തൽ ഫെലോഷിപ്പ് സഭാംഗവുമാണ്. ഭാരതത്തിലും വിദേശ രാജ്യങ്ങളിലുമായി ആത്മീയ ജീവകാരുണ്യ മേഖലകളിൽ പ്രവർത്തിക്കുന്നു.

ചതുർദിന കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനും അനുഗ്രഹത്തിനുമായി എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് 9 മുതൽ 10 വരെ പ്രത്യേക പ്രാർഥനയ്ക്കായി വേർതിരിച്ചിട്ടുണ്ട്. 16054725249 എന്ന ഫോൺ നമ്പറിലൂടെ 790379 എന്ന ആക്സസ് കോഡ് നൽകി പ്രാർഥനാ ലൈനിൽ പ്രവേശിക്കാവുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി www.ipcfamilyconference.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## പിവൈപിഎ യുഎഇ മെഗാ ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെ സെപ്റ്റംബർ 15ന്

ഷാർജ: പിവൈപിഎ യുഎഇ റീജിയൻ മെഗാ ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെ സെപ്റ്റംബർ 15ന് വൈകിട്ട് ഏഴു മണിക്ക് ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. ഏഴു റൗണ്ടുകളിലായി നടക്കുന്ന പരിപാടിക്ക് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബൈബിൾ ക്വിസ് രംഗത്ത് അനുഭവ സമ്പന്നരായ ജഡ്ജിങ് പാനൽ പരിപാടി വിലയിരുത്തും.

ക്രമീകൃതമായ തിരുവചന പഠനവും ധ്യാനവും ലക്ഷ്യമാക്കി ക്രിമീകരിച്ച മെഗാ ബൈബിൾ ക്വിസിനു ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്. ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ മൂന്ന് റൗണ്ടുകളിലായി അഞ്ഞുറോളം പേരാണ് പങ്കെടുത്തത്. ഇവരിൽ നിന്നും വിജയികളായ എലിസബത്ത് വർഗീസ് (ഐപിസി അലൈൻ), ജോൺ കെ. പോൾ (ഐപിസി അബുദാബി), മനോജ് ഏബ്രഹാം (ഐപിസി വർഷിപ്പ് സെന്റർ ഷാർജ), മനോജ് ഉമ്മൻ (ഐപിസി വർഷിപ്പ് സെന്റർ ഷാർജ), നാൻസി മനോജ് (ഐപിസി വർഷിപ്പ് സെന്റർ ഷാർജ) എന്നിവരാണ് ഗ്രാൻഡ് ഫിനാലെയിലേക്കു യോഗ്യത നേടിയത്. മിഡിൽ ഈസ്റ്റിൽ ഇദംപ്രദമായി നടത്തുന്ന ഈ ഉദ്യമത്തിന് സാക്ഷിയാകുവാൻ ഏവരെയും ക്ഷണിക്കുന്നതായി പി.വൈ.പി.എ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ പി.എം. സാമുവേൽ, സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ എന്നിവർ അറിയിച്ചു. പാസ്റ്റർ സൈമൺ ചാക്കോ, പാസ്റ്റർ സാമുവൽ ജോൺസൺ, ജോബിൻ ജോൺ, ജെൻസൺ മാമ്മൻ, ബ്ലസ്സൺ തോണിപ്പാറ, റോബിൻ സാം മാത്യു എന്നിവർ നേതൃത്വം നൽകും.

## നോർത്ത് അമേരിക്കൻ ദൈവസഭാ കോൺഫ്രൻസ് ടെന്നസിയിൽ

റോയി മേപ്രാൽ,
മീഡിയ കോർഡിനേറ്റർ

ഒക്കലഹോമ: ഇരുപത്തിനാലാമതു ദൈവസഭാ ദേശീയസമ്മേളനം 2019 ജൂലൈ 19–21 വരെ ടെന്നസിയിൽ നോക്സവിൽ മാരിയറ്റ് റിസോർട്ട് ഹോട്ടലിൽ നടക്കും. ഒക്കലഹോമയിൽ നടന്ന ജനറൽബോഡി മീറ്റിംഗിൽ പുതിയ ദേശീയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ ഫിജോയ് ജോൺസനാണു കൺവീനർ. ടെന്നസി കോർണർസ്റ്റോൺ ചർച്ചിന്റെ പാസ്റ്ററും അസി. ഡയറക്ടറുമാണ് ഇദ്ദേഹം. പാസ്റ്റർമാരായ സജു പി. തോമസ് (വൈസ് പ്രസിഡന്റ്), ഡോ. ഷിബു ശാമുവേൽ (സെക്രട്ടറി), ബ്രദർ ജോർജ് ചെറിയാൻ (ട്രഷറർ), പാസ്റ്റർ എബി ജോയി (യൂത്ത് കോർഡിനേറ്റർ) എന്നിവരാണു മറ്റു ഭാരവാഹികൾ. സഹോദരിമാരുടെ പ്രവർത്തനങ്ങൾക്ക് ഡോ. ജൂലി തോമസ്, മേഴ്സി തോമസ്, ഗ്രേസി തോമസ്, സുനിത ജോൺസൻ, ഫെബി തോമസ്, വത്സമ്മ തോമസ് എന്നിവരടങ്ങിയ കമ്മറ്റി മേൽനോട്ടം വഹിക്കുന്നു.

പാസ്റ്റർ ഫിന്ന് വർഗീസ് (കാനഡ), ജോസൻ തോമസ് (ഫ്ളോറിഡ), പാസ്റ്റർ തങ്കച്ചൻ മത്തായി (നോർത്ത് കരോലിന), പാസ്റ്റർ സൈണൺ ഫിലിപ്പ് (സൗത്ത് കരോലിന), റോബിൻ രാജു, പാസ്റ്റർ എബി മാമ്മൻ (ഡാളസ്), ജോൺസൻ ഏബ്രഹാം (ജോർജിയ), അജി ഇടിക്കുള (ഹ്യൂസ്റ്റൺ), പാസ്റ്റർ ബാബു കുമ്പഴ (ഇല്ലിനോയ്), റോബിൻ സാമുവേൽ (മിച്ചിഗൺ), പാസ്റ്റർ രാജൻ സ്കറിയ (ന്യൂജേഴ്സി), ഷാജി മാത്യു, പാസ്റ്റർ ഫിന്നി തോമസ് (ന്യൂയോർക്ക്), ഗീവർഗീസ് വർക്കി (പെൻസിൽവാനിയ), റോബിൻ ബഞ്ചമിൻ (ടെന്നസി), പാസ്റ്റർ പ്രിൻസ് ജോസഫ് (വിസ്കോൺസിൽ), ജോസ് ഏബ്രഹാം (ഒക്കലഹോമ) എന്നിവർ വിവിധ പട്ടണങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ്. തോമസ് മാത്യു (ഓഡിറ്റർ), പാസ്റ്റർ കെ.ജെ. മാത്യു (സഭാവികസനം) എന്നിവരും പ്രവർത്തിക്കുന്നു.


Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode